# എക്സ്പ്രസ് ഹെറാൾഡ്

www.expressherald.com Christian Cultural newspaper

For private circulation only | 12 Pages | Vol. XI Issue 51 | 2018 November-December


## 95 – ാമത് കുമ്പനാട് കൺവൻഷൻ

കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്ത് ദൈവസഭയുടെ ജനറൽ കൺവൻഷൻ ജനുവരി 13-20 വരെ കുമ്പനാട് നടക്കും. കൺവൻഷനു മുന്നോടിയായി മുൻ വർഷങ്ങളിലേതു പോലെ ഒരാഴ്ച നീണ്ടു നിൽക്കുന്ന ഉപവാസ ഉണർവ്വു യോഗങ്ങളും അതേ പന്തലിൽ നടക്കുമെന്ന് സഭാനേതൃത്വം പത്രസമ്മേളനത്തിൽ അറിയിച്ചു. തിരുവല്ലയിൽ നടന്ന പത്രസമ്മേളനത്തിൽ പ്രസിഡന്റ് പാസ്റ്റർ ജേക്കബ് ജോൺ, വൈസ് പ്രസിഡന്റ് പാസ്റ്റർ വിത്സൻ ജോസഫ്, ജനറൽ സെക്രട്ടറി റവ. ഡോ. കെ.സി. ജോൺ, ജോ. സെക്രട്ടറി പാസ്റ്റർ തോമസ് ഫിലിപ്പ്, ട്രഷറാർ സജി പോൾ എന്നിവർ സംബന്ധിച്ചു.

"വിശ്വസിച്ചാൽ നീ ദൈവത്തിന്റെ മഹത്വം കാണും" എന്നതാണ് കൺവൻഷൻ തീം. കൺവൻഷനോടനുബന്ധിച്ച് തിങ്കളാഴ്ച രാത്രിയിൽ പ്രമുഖ പെന്തെക്കോസ്ത് സഭകളുടെ നേതാക്കൾ പങ്കെടുക്കുകയും ലഘു സന്ദേശങ്ങൾ നൽകുകയും ചെയ്യും. ചൊവ്വാഴ്ച പകൽ ഹെബ്രോൻ ബൈബിൾ കോളേജ് ഗ്രാഡുവേഷൻ, വ്യാഴാഴ്ച സോദരീ സമ്മേളനം, വെള്ളി ഉച്ചയ്ക്ക് ശേഷം വിദേശ മലയാളീ സമ്മേളനം. ശനി രാവിലെ ഗ്ലോബൽ മീഡിയ മീറ്റ്, വൈകുന്നേരം യുവജനസണ്ടേസ്കൂൾ സമ്മേളനം എന്നിവയും നടക്കും. ഞായറാഴ്ച രാവിലെ എട്ടിന് ആരംഭിക്കുന്ന തിരുവത്താഴ ശുശ്രൂഷയിൽ പതിനായിരങ്ങൾ പങ്കെടുക്കും. കൺവൻഷന് പങ്കെടുക്കുന്ന എല്ലാവർക്കും ഭക്ഷണം നൽകുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. സസ്യാഹാരമായിരിക്കും നൽകുന്നത്. ജലപ്രളയത്തിന്റെയും മറ്റും പശ്ചാത്തലത്തിൽ ചിലവു ചുരുക്കിയുള്ള കൺവൻഷനായിരിക്കും നടത്തുകയെന്നും ഭാരവാഹികൾ അറിയിച്ചു. പബ്ലിസിറ്റി കൺവീനറായി എം.വി. ഫിലിപ്പും ജോജി ഐപ്പ് മാത്യൂസും പ്രവർത്തിക്കുന്നു.

## ഐ.പി.സി ഗ്ലോബൽ മീഡിയ മീറ്റ് ജനുവരി 19ന്

കുമ്പനാട്: ഇന്ത്യാ പെന്തെക്കോസ്തു ദൈവസഭയിലെ മാധ്യമ പ്രവർത്തകരുടെയും എഴുത്തുകാരുടെയും ആഗോളതല സംഗമം 2019 ജനവരി 19ന് ശനിയാഴ്ച രാവിലെ കുമ്പനാട് കൺവൻഷനോടനുബന്ധിച്ച് ജനറൽ കൗൺസിൽ ഹാളിൽ നടക്കും.

സമ്മേളനത്തിൽ ആക്ടിംഗ് ചെയർമാൻ പാസ്റ്റർ സാംകുട്ടി ചാക്കോ നിലമ്പൂർ അദ്ധ്യക്ഷനായിരിക്കും. ഐ.പി.സി ജനറൽ സെക്രട്ടറി പാസ്റ്റർ കെ.സി ജോൺ ഉദ്ഘാടനം നിർവഹിക്കും. സെക്കുലർ മേഖലയിൽ നിന്നും പ്രമുഖരായവരെ കൂടാതെ ഐ.പി.സി ജനറൽ പ്രസിഡണ്ട് പാസ്റ്റർ ജേക്കബ് ജോൺ, അവാർഡ് ജേതാവ് സി.വി. മാത്യു എന്നിവർ മുഖ്യാതിഥികൾ ആയിരിക്കും. ഐ.പി.സിയിലെ ജനറൽ, സംസ്ഥാന തലങ്ങളിലെ മുൻനിര നേതാക്കൾ ആശംസകൾ നേരും. കേരളത്തെ കൂടാതെ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും അമേരിക്ക, കാനഡ, ഇംഗ്ലണ്ട്, ഓസ്ട്രേലിയ, ഗൾഫ് രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കും.

*ശേഷം പേജ് 4*

## അസംബ്ലീസ് ഓഫ് ഗോഡ് ജനറൽ കൺവൻഷൻ ഒരുക്കങ്ങൾ ആരംഭിച്ചു

പുനലൂർ: അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് ജനറൽ കൺവൻഷൻ ജനുവരി 8-13 വരെ പുനലൂർ എ.ജി കൺവൻഷൻ ഗ്രൗണ്ടിൽ നടക്കും. 8-ാം തീയതി വൈകിട്ട് 6 മണിക്ക് സഭാ സൂപ്രണ്ട് റവ. ഡോ. പി.എസ്. ഫിലിപ്പ് ഉദ്ഘാടനം ചെയ്യും. തൃശൂർ, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, തിരുവനന്തപുരം ജില്ലകളിലായി 53 സെക്ഷനുകളാണ് അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ടിനുള്ളത്. 1000 സഭകളിൽ നിന്നായി 25000 പേർ കൺവൻഷനിൽ വിവിധ യോഗങ്ങളിൽ സംബന്ധിക്കും. 9,10 തീയതികളിൽ രാവിലെ 9 മുതൽ വൈകിട്ട് 5വരെ ശുശ്രൂഷകന്മാർക്കായി സെമിനാർ നടത്തും. 11 -ാം തീയതി വെള്ളിയാഴ്ച രാവിലെ മിഷൻ സമ്മേളനവും ഉച്ചകഴിഞ്ഞ് ഓർഡിനേഷൻ ശുശ്രൂഷയും നടക്കും. 12ന് (ശനി) രാവിലെ സണ്ടേസ്കൂൾ സമ്മേളനവും ഉച്ചകഴിഞ്ഞ് യുവജന (സി.എ) സമ്മേളനവും നടക്കും. ഞായറാഴ്ച രാവിലെ 9ന് ആരംഭിക്കുന്ന സംയുക്ത സഭായോഗത്തോടെ കൺവൻഷൻ സമാപിക്കും. റവ.പി.എസ്. ഫിലിപ്പ് സമാപന സന്ദേശം നൽകും. റവ.ഏബ്രഹാം തോമസ് (ചെന്നൈ), റവ. ജോൺസൻ വർഗീസ് (ബാംഗ്ലൂർ), റവ. ജോർജ്ജ് പി. ചാക്കോ, റവ. ഡോ. പി.എസ്. ഫിലിപ്പ്, റവ. ടി.ജെ. സാമുവൽ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ എന്നിവരും വിവിധ യോഗങ്ങളിൽ ശുശ്രൂഷിക്കും.

## പി.സി.എൻ.എ.കെ മയാമി: ഓൺലൈൻ രജിസ്ട്രേഷൻ



ടൊറന്റോ: 2019 ജൂലൈ 4-7 വരെ മയാമി എയർപോർട്ട് കൺവൻഷൻ സെന്ററിൽ നടക്കുന്ന 37-ാമത് പി.സി.എൻ.എ.കെ കോൺഫ്രൻസിന്റെ ഓൺലൈൻ രജിസ്ട്രേഷൻ വെബ്സൈറ്റ് ഉദ്ഘാടനം നാഷണൽ കൺവീനർ പാസ്റ്റർ കെ.സി.ജോൺ നിർവ്വഹിച്ചു. ടൊറോന്റോ സയോൺ ഗോസ്പൽ അസംബ്ലി സഭാഹാളിൽ നടന്ന പ്രമോഷണൽ യോഗത്തിൽ നാഷണൽ സെക്രട്ടറി വിജു തോമസ്, നാഷണൽ ട്രഷറാർ ബിജു ജോർജ് എന്നിവർ പരിപാടികൾ വിശദീകരിച്ചു. www.pcnakmiami.org എന്ന വെബ് സൈറ്റിലൂടെ ഡിസംബർ 31-നകം രജിസ്റ്റർ ചെയ്യുന്നവർക്ക് സൗജന്യ നിരക്കുകൾ ലഭ്യമാകുമെന്ന് ഭാരവാഹികൾ അറിയിച്ചു.

പാസ്റ്റർ കെ.സി.ജോൺ ഫ്ളോറിഡ (നാഷണൽ കൺവീനർ), വിജു തോമസ് ഡാളസ് (നാഷണൽ സെക്രട്ടറി), ബിജു ജോർജ്ജ് കാനഡ, (നാഷണൽ ട്രഷറർ), ഇവാ.ഫ്രാങ്ക്ളിൻ ഏബ്രഹാം ഒർലാന്റോ (നാഷണൽ യൂത്ത് കോർഡിനേറ്റർ), സിസ്റ്റർ അനു ചാക്കോ (ലേഡീസ് കോർഡിനേറ്റർ) എന്നിവരടങ്ങുന്ന ഭരണ സമിതിയാണ് 2019-ലെ മയാമി കോൺഫറൻസിനു നേതൃത്വം നല്കുന്നത്.

## പരസ്യമായി പ്രാർത്ഥിക്കുന്നതിന് വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിരുന്ന വിലക്ക് പിൻവലിച്ചു

***പി പി ചെറിയാൻ***

ഹന്നിഗ്രോവ് (ടെക്സസ്സ്): ഉച്ച ഭക്ഷണസമയത്ത് പരസ്യമായി പ്രാർത്ഥിക്കുന്നതിന് ഏർപ്പെടുത്തിയിരുന്ന വിലക്ക് ഹന്നിഗ്രോവ് മിഡിൽ സ്കൂൾ അധികൃതർ പിൻവലിച്ചു. സെപ്റ്റംബറിൽ അപകടത്തിൽ പരിക്കേറ്റ സഹപാഠിക്ക് വേണ്ടി പ്രാർത്ഥിക്കുന്നതിന് എട്ടാം ക്ലാസ് വിദ്യാർത്ഥിനിയായ ഹന്നാ അലൻ ഉച്ച ഭക്ഷണസമയത്ത് മറ്റ് വിദ്യാർത്ഥികളെ ക്ഷണിച്ചതിനാണ് സ്കൂൾ അധികൃതരെ പ്രകോപിപ്പിച്ചത്. പ്രിൻസിപ്പൽ ലി ഫ്രോസ്റ്റ് വിദ്യാർത്ഥികളെ സമീപിച്ചു ഇനി മുതൽ ഇവിടെ ആവർത്തിക്കരുതെന്ന് മുന്നറിയിപ്പ് നൽകുകയായിരുന്നു. എന്നാൽ ഫസ്റ്റ് ലിബർട്ടി ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാർത്ഥികൾക്ക് വേണ്ടി രംഗത്ത് വരികയും, സ്കൂൾ പ്രിൻസിപ്പാളിന്റെ നടപടി വിദ്യാർത്ഥികളുടെ മൗലികാവകാശത്തിന്മേലുള്ള കടന്നുകയറ്റമാണെന്നും, നടപടി പിൻ വലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. ഇത് സംബന്ധിച്ച് പ്രിൻസിപ്പാളിന് കത്തയച്ചതിനെ തുടർന്നാണ് തീരുമാനം പിൻവലിക്കുന്നതിന് പ്രിൻസിപ്പാൽ നിർബന്ധിതനായത്. സ്കൂൾ അധികൃതരുടെ നടപടിയെ വിദ്യാർത്ഥികളും മാതാപിതാക്കളും അഭിനന്ദിച്ചു. തർക്കം ഒഴിവായതിൽ ഇരു കൂട്ടരും സംതൃപ്തരാണ്.

## പാകിസ്ഥാനിൽ തൂക്കുകയറിൽ നിന്നു രക്ഷപെട്ട ആസിയയ്ക്ക് യു.എസിൽ രാഷ്ട്രീയാഭയം നൽകണമെന്ന് സെനറ്റർ



കെന്റക്കി: ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ പാകിസ്ഥാനിൽ തൂക്കി കൊലയ്ക്കു വിധിയ്ക്കപ്പെട്ട്, ജയിലിൽ കഴിഞ്ഞിരുന്ന ആസിയാ ബീബിയെ രാഷ്ട്രീയ സമ്മർദ്ദങ്ങൾക്കൊടുവിൽ വിട്ടയയ്ക്കുവാൻ തീരുമാനിച്ചുവെങ്കിലും ഇവരുടെ ജീവനു ഭീഷണി നിലനിൽക്കുന്ന സാഹചര്യത്തിൽ യുഎസിൽ ഇവർക്ക് രാഷ്ട്രീയ അഭയം നൽകണമെന്നു കെന്റുക്കിയിൽ നിന്നുള്ള റിപ്പബ്ലിക്കൻ സെനറ്റർ റാന്റ് പോൾ പ്രസിഡന്റ് ട്രംപിനോടാവശ്യപ്പെട്ടു.

എട്ടുവർഷം മുൻപ് അറസ്റ്റു ചെയ്യപ്പെട്ട് വധശിക്ഷയും കാത്തു കഴിഞ്ഞിരുന്ന ആസിയായെ (53) സുപ്രീം കോടതിയാണ് വിട്ടയ്ക്കാൻ ഉത്തരവിട്ടത്.

നവംബർ 7 ന് ഇവർ സ്വതന്ത്രയാക്കപ്പെട്ടു. പാകിസ്ഥാനിൽ ഇവരുടെ ജീവനു ഭീഷണിയുള്ളതായി ഭയപ്പെടുന്നുവെന്ന് ട്രംപിനയച്ച കത്തിൽ പോൾ പറഞ്ഞു. ആസിയായുടെ മരണ ശിക്ഷ ഒഴിവാക്കുന്നതിനു വേണ്ടി താൻ വാദിച്ചിരുന്നുവെന്നും പോൾ പറഞ്ഞു.

എട്ടുകൊല്ലം ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ പാകിസ്ഥാൻ ജയിലിൽ പീഡനം അനുഭവിക്കേണ്ടി വന്ന ഇവരെയും ഇവരുടെ കുടുംബാംഗങ്ങളെയും സഹായിക്കുന്നതിനും, യുഎസിലേക്ക് കൊണ്ടുവരുന്നതിനുമുള്ള ചിലവുകൾക്കു ഫണ്ട് രൂപീകരിക്കുവാൻ മതനേതാക്കന്മാരോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും പോൾ പറഞ്ഞു. അഞ്ചു കുട്ടികളുടെ മാതാവാണ് ആസിയ ബീബി.

## ഇസ്രയേൽ സിവിലിയൻസിനെതിരേ ഹമാസ് അതിക്രമം: യു.എസ് പ്രമേയം യു.എൻ തള്ളി



വാഷിങ്ടൻ: ഇസ്രയേൽ സിവിലിയൻസിനെതിരെ ഭീകര സംഘടനയായ ഹമാസ് നടത്തുന്ന അക്രമങ്ങളെ അപലപിച്ചു കൊണ്ട് യുനൈറ്റഡ് നാഷൻസ് ജനറൽ അസംബ്ലിയിൽ, യുഎസ് അവതരിപ്പിച്ച പ്രമേയം മൂന്നിൽ രണ്ടു ഭൂരിപക്ഷം ലഭിക്കാതിരുന്നതിനെ തുടർന്ന് പരാജയപ്പെട്ടു. ഡിസംബർ 6 വ്യാഴാഴ്ചയാണ് പ്രമേയം ചർച്ചയ്ക്കെടുത്തത്.193 അംഗ അസംബ്ലിയിൽ 87 രാജ്യങ്ങൾ അനുകൂലിച്ചു. 57 പേർ എതിർത്തും വോട്ടു ചെയ്തപ്പോൾ 33 അംഗങ്ങൾ വോട്ടെടുപ്പിൽ നിന്നും മാറിനിന്നു. യുഎൻ അസംബ്ലിയിൽ ഹമാസിനെതിരെ യുഎസ് കൊണ്ടുവന്ന പ്രമേയം പരാജയപ്പെടുന്നത് ചരിത്രത്തിലാദ്യമായാണ്.

പൈശാചിക അക്രമങ്ങൾക്കെതിരെ നിങ്ങൾ പ്രകടിപ്പിച്ച നിശ്ശബ്ദത, നിങ്ങളുടെ തനിനിറം വെളിപ്പെടുത്തുന്നതാണെന്ന് വോട്ടിൽ പങ്കെടുക്കാതെ മാറി നിന്ന അംഗം രാഷ്ട്രങ്ങളെ വിമർശിച്ചുകൊണ്ടു ഇസ്രയേൽ അംബാസിഡർ ഡാനി ഡാനൻ പറഞ്ഞു. ഹമാസിന്റെ അക്രമണങ്ങളെ അപലപിക്കുന്ന പ്രമേയം പാസ്സാക്കി ചരിത്രത്തിന്റെ ഭാഗമാകണമെന്ന് യുഎസ് അംബാസിഡർ നിക്കി ഹേലിയുടെ അഭ്യർഥനയും ഫലവത്തായില്ല.

ഭൂരിപക്ഷം അംഗങ്ങളും പ്രമേയത്തെ അനുകൂലിച്ചതിന് ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നന്ദി അറയിച്ചു. പാലസ്റ്റയിൻ പ്രസിഡന്റ് മെഹമുദ് അബ്ബാസ് പ്രമേയം പരാജയപ്പെട്ടതിൽ സന്തോഷം പ്രകടിപ്പിച്ചു. ട്രംപിന്റെ മുഖത്തേറ്റ കടുത്ത പ്രഹരമാണിതെന്ന് ഹമാസ് വക്താവ് അറിയിച്ചു.

എഡിറ്റോറിയൽ

# സർവ്വജനത്തിനു ലഭ്യമാകുന്ന മഹാസന്തോഷം



രാജു തരകൻ

മാനവരാശിക്ക് സമാധാനവും ദൈവത്തിന് മഹത്വവും അർപ്പിച്ച് ലോകമെങ്ങും യേശുക്രിസ്തുവിന്റെ ജനനസ്മരണ പുതുക്കുന്ന ക്രിസ്മസ് സുദിനം മഹാസന്തോഷത്തെ വിളംബരം ചെയ്യുന്നു. ഭവനങ്ങളിൽ നക്ഷത്രദീപങ്ങൾ തെളിയിച്ചും, ക്രിസ്മസ് സമ്മാനങ്ങൾ കൈമാറിയും, പള്ളികളിൽ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തും, വിഭവസമൃദ്ധമായ ഡിന്നർ പാർട്ടികളും, മദ്യസൽക്കാരവും എല്ലാം ക്രിസ്മസ് ആഘോഷങ്ങളുടെ ഭാഗമായിത്തീർന്നുണ്ട്.

ക്രിസ്തുവിന്റെ ജനനത്തെക്കുറിച്ച് പഴയനിയമപ്രവചനങ്ങളുടെ പൂർത്തീകരണം നാലു സുവിശേഷങ്ങളിലും വിശദമായി പ്രതിപാദിക്കുന്നുണ്ട്. രാത്രിയിൽ ആട്ടിൻകൂട്ടത്തിന് കാവൽ കാത്ത് വെളിയിൽ പാർത്തിരുന്ന ആട്ടിടയന്മാർക്ക് ദൂതൻ പ്രത്യക്ഷനാകുന്നു. ദൂതൻ അവരോട്: ഭയപ്പെടേണ്ടാ, സർവ്വജനത്തിനും ഉണ്ടാകുവാനുള്ള മഹാസന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു. കർത്താവായ ക്രിസ്തു എന്ന രക്ഷിതാവ് ഇന്ന് ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു. ലൂക്കൊസ് 2:8ൽ മനുഷ്യവർഗ്ഗത്തിന്റെ പാപമോചനത്തിനായിട്ടാണ് യേശുകർത്താവ് ഭൂമിയിൽ ജാതനായത്. ദുഃഖിതർക്ക് അവിടുന്ന് ആശ്വാസദായകനാണ്. രോഗികൾക്ക് വിടുതൽ കൊടുക്കുവാൻ പ്രാപ്തിയുള്ള സർവ്വശക്തനായ യേശുകർത്താവ് എല്ലാവരേയും സ്നേഹിക്കുന്നു. ജാതി, മത, വർഗ്ഗ, ലിംഗ വിഭജനങ്ങൾക്ക് ഇവിടെ പ്രസക്തിയില്ല. ദൈനംദിന ജീവിതത്തിൽ നാം അനുഭവിക്കുന്ന പ്രശ്നങ്ങളെയും, പ്രലോഭനങ്ങളെയും അതിജീവിക്കുവാൻ ദൈവം നമ്മിൽ ഉരുവാകണം. തന്മൂലാണ് ശാശ്വത സമാധാനവും സന്തോഷവും ലഭ്യമാകുന്നത്.

ബൈബിളിൽ രേഖപ്പെടുത്തിയിരിക്കുന്ന "ശാലോം" എന്ന പദത്തിന് സമാധാനം എന്നാണ് അർത്ഥമാക്കുന്നത്. യേശുവിന്റെ ജനനത്തെക്കുറിച്ച് യെശയ്യാവ് 9:6. നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന്നു അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന പേർ വിളിക്കപ്പെടും. യെശയ്യാവിന്റെ പ്രവചനം സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു.

റോമൻ ഭരണത്തിൽ അസന്തുഷ്ടരായ യഹൂദജനം അവരുടെ മോചനത്തിനായി ഒരു നല്ല രാജാവിനെ കാത്തിരിക്കുന്ന കാലഘട്ടത്തിലാണ് യെഹൂദ്യയിലെ ബേത്‌ലഹേമിൽ യേശു ജനിക്കുന്നത്. സമാനതകൾ ഏറെയുള്ള കാലഘട്ടത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്. ലോകജനതയിൽ ബഹുഭൂരിപക്ഷവും ദൈനംദിന ജീവിതത്തിൽ അസന്തുഷ്ടരാണ്. കഠിനപ്രയത്നം ചെയ്തിട്ടും ജീവിതത്തിൽ ഒന്നും നേടുവാൻ കഴിയാത്തതിലുള്ള നിരാശ പേറുന്ന ജനവിഭാഗം. ലോകത്തിലെ ഒരു ഭരണകർത്താക്കൾക്കും ഇതിനൊന്നും ശാശ്വത പരിഹാരം നൽകുവാനും പ്രാപ്തരല്ല. ദൈവമാണ് ഏതു പ്രശ്നത്തിന്റെയും പരിഹാരകൻ.

ആചാരങ്ങളിൽ അധിഷ്ഠിതമായ ആഘോഷങ്ങൾക്കപ്പുറം ക്രിസ്തു എന്റെ പാപപരിഹാരത്തിനായ് കാൽവറിയിൽ യാഗമായിത്തീർന്നെന്ന യാഥാർത്ഥ്യം നാം അംഗീകരിക്കുമ്പോൾ മാത്രമാണ് ക്രിസ്മസിന്റെ സന്ദേശമായ സമാധാനം നമ്മിൽ പകരപ്പെടുന്നത്. ക്രിസ്തു നമ്മിൽ ജനിക്കുമ്പോഴാണ് ക്രിസ്തുവിന്റെ മനോഭാവം ബാഹ്യമായ് അനുദിനജീവിതത്തിൽ പ്രകടമാകുന്നത്. ക്രിസ്തുവിന്റെ മനോഭാവം എന്താണ്? ശത്രുക്കളെ സ്നേഹിക്കുക, നന്മയാൽ തിന്മയെ ജയിക്കുക, അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക. മറ്റുള്ളവരുടെ ദുഃഖങ്ങളിലും, കഷ്ടങ്ങളിലും പങ്കാളിയാകുക തുടങ്ങിയ ക്രൈസ്തവ ആദർശങ്ങൾ സ്വജീവിതത്തിൽ പ്രകടമാകുന്നതാണ് യഥാർത്ഥമായ ക്രിസ്തുവിന്റെ മനോഭാവം. യേശുവിന്റെ ജനനത്തിന് ശേഷമാണ് ബേത്‌ലഹേം ചരിത്രപ്രസിദ്ധി ആർജ്ജിക്കുന്നത്. ഇതുപോലെ യേശു ഉള്ള പട്ടണവും ഭവനവും അനുഗ്രഹിക്കപ്പെട്ടതായിത്തീരും.

ക്രിസ്തു ഹൃദയങ്ങളിൽ ജനിക്കട്ടെ അവിടെയാണ് യഥാർത്ഥ സന്തോഷവും, സമാധാനവും പ്രത്യാശയും ലഭ്യമാകുന്നത്.

## ബൈബിൾ പഠനത്തിൽ പങ്കെടുക്കാൻ വിസമ്മതിന് പിരിച്ചു വിട്ട ജീവനക്കാരൻ ഉടമസ്ഥനെതിരെ ലൊ സ്യൂട്ട് ഫയൽ ചെയ്തു

*പി പി ചെറിയാൻ*

ആൽബനി: ആൽബനി കൺസ്ട്രക്ഷൻ കമ്പനിയിൽ ആഴ്ച തോറും നടത്തിവരുന്ന ബൈബിൾ പഠനത്തിൽ പങ്കെടുക്കാൻ വിസമ്മതിച്ചതിന് പിരിച്ചുവിട്ട ജീവനക്കാരൻ കമ്പനി ഉടമസ്ഥനെതിരെ 800000 ഡോളർ നഷ്ടപരിഹാരത്തിന് ലോ സ്യൂട്ട് ഫയൽ ചെയ്തു. ലിൻ കൗണ്ടി സർക്യൂട്ട് കോടതിയിൽ കഴിഞ്ഞ വാരാന്ത്യമാണ് ജീവനക്കാരൻ റയൻ കോൾമാൻ, കമ്പനി ഉടമസ്ഥൻ ജോയലിനെതിരെ കേസ്സ് ഫയൽ ചെയ്തത്.

മയക്ക് മരുന്ന് വിൽപനക്കാരനായിരുന്നു കമ്പനി ഉടമസ്ഥൻ ജോയൽ. കോടതി ശിക്ഷിക്കപ്പെട്ടു ജയിലിൽ കഴിയവെ ജീവിതത്തിന് പരിവർത്തനം ഉണ്ടാകുകയും, ചെയ്ത കുറ്റങ്ങളിൽ പശ്ചാത്തപിക്കുകയും ചെയ്തിരുന്നു. ജയിൽ വിമോചിതനായ ജോയൽ 2016 ലാണ് കൺസ്ട്രക്ഷൻ കമ്പനി ആരംഭിച്ചത്. 2017 കോൾമാനെ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തു.

തന്റെ ജീവിതത്തിലെ മാറ്റങ്ങൾക്ക് ഉത്തരവാദിയെന്ന് വിശ്വസിക്കുന്ന ക്രിസ്തുവിനെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുക എന്ന ലക്ഷ്യമാണ് ആഴ്ചതോറും സംഘടിപ്പിക്കുന്ന ബൈബിൾ പഠനത്തിലൂടെ മറ്റുള്ളവരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നതെന്ന് ജോയൽ പറയുന്നു.

ഒരു മണിക്കൂർ പഠനത്തിന് വേതനവും ഇയാൾ ജീവനക്കാർക്ക് നൽകിയിരുന്നു. ആറ് മാസത്തോളം കോൾമാൻ ബൈബിൾ പഠനക്ലാസിൽ പോയിരുന്നുവെങ്കിലും പിന്നീട് പോകുന്നില്ലെന്ന് തീരുമാനിച്ചു. ഇതാണ് ഇയാളെ പിരിച്ചുവിടാൻ കാരണം. എന്റെ സ്ഥാപനത്തിൽ എന്തുവേണമെന്ന് ഞാനാണ് തീരുമാനിക്കുന്നതെന്ന് ഉടമസ്ഥനും, എന്റെ മതസ്വാതന്ത്ര്യത്തിൽ ഇടപെടുന്നു എന്ന ജീവനക്കാരന്റെ തർക്കവുമാണ് ഇപ്പോൾ കോടതിയുടെ മുമ്പിൽ ലോ സ്യൂട്ടായി എത്തിയിരിക്കുന്നത്.

എഡിറ്റോറിയൽ ബോർഡ്

**രാജു തരകൻ** *(ചീഫ് എഡിറ്റർ)*,
**ഷാജി മണിയാറ്റ്** *(മാനേജിംഗ് എഡിറ്റർ)*,
**തോമസ് മുല്ലയ്ക്കൽ** *(എക്സിക്യൂട്ടിവ് എഡിറ്റർ)*
**റവ. ഡോ. എ. യു ജോർജ്** *(സബ്ബ് എഡിറ്റർ)*,
**റവ പൊടിയൻ തോമസ്** *(അസ്സോസിയേറ്റ് എഡിറ്റർ)*,
**ഷൈജു തോമസ് ഞാറയ്ക്കൽ** *(സബ്ബ് എഡിറ്റർ)*,
**റവ. ഡാനിയേൽ ശാമുവേൽ** *(അഡ്വൈസറി ബോർഡ്)*,
**ഏബ്രഹാം പി ഏബ്രഹാം** *(അഡ്വൈസറി ബോർഡ്)*,
**തോമസ് മാത്യു ജോയിസ്** *(അസ്സോസിയേറ്റ് എഡിറ്റർ)*

വാർത്തകൾ, പരസ്യങ്ങൾ മറ്റുരചനകൾ അയക്കേണ്ട വിലാസം
news@expressherald.com |
www.expressherald.com
469 274 2926



# PRESERVATION OF FAITH IN PERILOUS TIMES



**Dr. A U George**

*(Pastor, Peaceway Community Church in Dallas)*

Salvation through Jesus Christ is the most important subject that the bible presents (John 20:31). Preserving faith in perilous times and preparing for the coming of the Lord are integral parts of Christian life. The book of Hebrews portrays Jesus Christ as the author and finisher of our faith (Hebrews 12:2) as well as the danger of neglecting this 'great salvation' (Hebrews 2:3). However, apostasy will be an important phenomenon of the end time (1 Timothy 4:1). The apostle Paul calls this phenomenon in history as, "the *perilous* times" (2 Timothy 3:1). The word perilous describes a society that is barren of virtue but abounding with vices; a society that shows a form of godliness, but denies its power (2 Timothy 3:5). Concerning the end time, Jesus Himself have said; *"For false christs and false prophets will rise and show great signs and wonders to deceive, if possible, even the elect"* (Matthew 24:24).

Would it be possible to preserve our faith when we are confronted with such perilous times? The bible clearly shows that it is possible to preserve our faith and stay focused on Jesus Christ even in the most difficult circumstances. Therefore, unveiling the life and faith of Jewish people would be helpful for a child of God to preserve the faith and stay focused on Jesus Christ.

The Jewish history portrays a clear example on how they preserved their faith and spiritual identity. The foundation of Jewish faith and national identity was threatened after Nebuchadnezzar's invasion of Jerusalem. After the destruction of Jerusalem and the Temple the Jews could have easily lost their spiritual and national identity, because their pride of being a chosen race came to a complete halt. In addition to the national and religious crisis the people of Judah were displaced into a kingdom where they were vulnerable to various compromises. The book of Daniel demonstrates some of the ordeals the Jews had to encounter in Babylon. The bible forbids the Jews from eating food offered to idols. Therefore, the Jewish young men refrained from eating the food provided in the palace in order to keep themselves from being defiled. When Daniel decided to worship his God despite the royal order to worship the king, he was thrown into the den of lions. When the three Hebrew children refused to worship the Babylonian God, they were thrown into the fiery furnace. The book of Esther further demonstrates that the Jews lived a distinct community life even when they were living far away from their land.

As a matter of fact, the Jews refined their faith in Yahweh while they were in Babylon and rejuvenated their national identity in a generation, of which majority were not born in Judah.

After the destruction of the Temple the Jews moved their focus from the building, the Temple, to the book, the word. The Jews in Exile satisfied most of their spiritual aspirations by focusing on the word. This is seen in the shift in focus from priests to the scribes in the later part of Judaism. The scribes apparently played a more important role because the ordinary Jew who was born and raised up in Babylon did not read or write Hebrew. Therefore, the Jews needed the help of someone who could teach them the Hebrew Scripture in Aramaic. With the emergence of the new scribal class a scriptural education was emphasized, especially because of their status in Babylon.

The new desire for the study of the scripture prompted the Jews to live and lead more orthodox life style and gave them a yearning to return to their land. The renewed interest in the scripture protected the Jews in Babylon from compromising their faith in such a pluralistic context. Certainly such attitude brought opposition and hatred towards the Jews. But their renewed interest in the Scripture and spiritual life became a kind of counter culture for them to stand for it at any cost. Psalm 119 describes the shift from the Temple to the Scripture, in which the psalmist almost places the Scripture equal to God.

The Jews in exile probably observed the circumcision laws and practices more stringent than they were before. The mark of circumcision made the Jews distinct from others that constantly reminded

*Cont.on p 4*



# സാമ്പത്തിക വിഷയത്തിൽ അവിശ്വസ്തത പുലർത്തിയ ദമ്പതികളുടെ ദാരുണ അന്ത്യം



**പാസ്റ്റർ കെ. ജോയ്**

**ചരിത്ര പശ്ചാത്തലം**

(അപ്പൊ.പ്രവൃ.5:1-11)

അനന്യാസ് എന്നു പേരുള്ള ഈ പുരുഷൻ തന്റെ ഭാര്യയുടെ അറിവോടുകൂടി ഒരു നിലം വിറ്റതിൽ തെറ്റൊന്നുമില്ല. അതു അപ്പൊസ്തലന്മാരുടെ അടുക്കൽ കൊണ്ടുവന്നതും നല്ല മാതൃക തന്നെ. എന്നാൽ കർത്താവിന്റെ ആത്മാവിനെ പരീക്ഷിക്കുവാൻ അവർ തമ്മിൽ ഒത്തതു ശാപകാരണമായിത്തീർന്നു. 9-ാം വാക്യത്തിൽ "നിങ്ങൾ തമ്മിൽ ഒത്തതെന്ത്" എന്ന പത്രൊസിന്റെ ചോദ്യത്തിൽ നിന്നും ഇവർ സാധാരണ ഒരു കാര്യത്തിനും യോജിപ്പുള്ളവർ ആയിരുന്നില്ല എന്നു ധ്വനിക്കുന്നതായി കരുതുന്നു. ഏതായാലും സാധാരണ എല്ലാ കാര്യങ്ങൾക്കും അഭിപ്രായവ്യത്യാസമുള്ള ചില ദമ്പതികളും, ദൈവവേലയ്ക്കുവേണ്ടി കൈതുറന്നു കൊടുക്കുവാൻ മടിക്കുന്ന കാര്യത്തിൽ വളരെ യോജിപ്പുള്ളവരായി കാണപ്പെടാറുണ്ട്. സുവിശേഷ പ്രവർത്തനങ്ങൾക്കായും മറ്റുള്ളവരുടെ നന്മയ്ക്കായും, തങ്ങളുടെ ഭൗതീക നന്മയിൽ നിന്നും നിർല്ലോഭമായി ചിലവിടുവാൻ തങ്ങളുടെ ഭർത്താക്കന്മാരെ ഉത്തേജിപ്പിക്കുന്ന സ്ത്രീകൾ ഭവനത്തിലും, സഭയിലും, ദേശത്തിലും എക്കാലത്തും അനുഗ്രഹമാണ്. അല്ലാത്തവർ ദേശത്തിനും സഭയ്ക്കും ശാപവുമാണ്. ഇവിടെ ഭാര്യാഭർത്താക്കന്മാർ തങ്ങളുടെ വസ്തുക്കൾ എല്ലാം വിറ്റില്ല. ഒരു നിലം മാത്രമേ വിറ്റതായി കാണുന്നുള്ളൂ. ആ നിലത്തിന്റെ വില മുഴുവൻ ആത്മീക പ്രവർത്തനത്തിനായി ചിലവാക്കുവാൻ അവർക്കു കഴിയാതെപ്പോയി.

നിലം വിറ്റ തുകയിൽ ഒരു ഭാഗമെങ്കിലും അപ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ചതു തികച്ചും നല്ലതു തന്നെ. ഒന്നും കൊടുക്കാത്തവരെക്കാൾ, കുറച്ചെങ്കിലും കൊടുക്കുന്നവർ മെച്ചമാണല്ലോ. അവർ കൊടുത്തതിന്റെ അനുഗ്രഹവും പ്രതിഫലവും അവർക്കു കിട്ടേണ്ടതുമാണ്. എന്നാൽ ഇരുവരും ദൈവകോപത്തിനു പാത്രീഭൂതരായി തീർന്നു മരിച്ചു വീഴുന്ന കാഴ്ച നമ്മെ വളരെ ചിന്തിപ്പിക്കേണ്ടതാണു. വേദവ്യാഖ്യാതക്കളിൽ വളരെ കുഴച്ചിൽ ഉണ്ടാക്കിയ ഒരു വേദഭാഗമാണിതു. ഈ ശോചനീയമായ ദുരന്തം ഇവർക്കു സംഭവിച്ചതിന്റെ കാരണം എന്തായിരുന്നു എന്നു നമുക്കു ശാന്തമായി പരിശോധിക്കാം. സർവ്വ ജ്ഞാനിയായ ദൈവത്തിനു ഒരിക്കലും തെറ്റു പറ്റുകയില്ലല്ലോ.

1. നിലം വില്ക്കുവാൻ ഇവരെ പ്രേരിപ്പിച്ച വസ്തുത എന്തായിരിക്കാം? ബർന്നബാസ് എന്ന ലേവ്യൻ തനിയ്ക്കുണ്ടായിരുന്ന നിലം വിറ്റു അപ്പൊസ്തലന്മാരുടെ കാല്ക്കൽ വച്ചതായി 4:36, 37 ൽ നാം വായിക്കുന്നു. ഈ നല്ല പ്രവൃത്തി ചെയ്തതിനാൽ ബർന്നബാസ് ഒരു പ്രശംസാപാത്രമായി തീർന്നു എന്നു കരുതാം. അക്കാര്യം അനന്യാസിനും സഫീരയ്ക്കും തീരെ പിടിച്ചില്ല. മറ്റൊരാൾ പ്രശംസിക്കപ്പെടുന്നതു ചിലർക്കു തീരെ ഇഷ്ടമല്ല. ആകയാൽ ആസൂയ എന്ന രോഗം ഇവരെ ബാധിച്ചു എന്നു കരുതാം.

2. നിലം വിറ്റു കൊണ്ടുവന്നാൽ സഭയിൽ നല്ല ഒരു സ്ഥാനം കൈവരിക്കുവാൻ കഴിയും എന്നും അവർ കരുതിയിരിക്കണം. അധികാര ദുർമ്മോഹം എന്ന തകരാറും ഇവർക്കുണ്ടായി എന്നു ചിന്തിക്കുവാൻ ന്യായം ഉണ്ട്.

3. ദ്രവ്യാഗ്രഹം. നിലത്തിന്റെ വിലയിൽ കുറേയെടുത്തു വയ്ക്കുവാൻ അവരെ പ്രേരിപ്പിച്ചതു ദ്രവ്യാഗ്രഹം അല്ലാതെ മറ്റെന്താണ്? വേദപുസ്തകത്തിൽ നിരവധി പാപങ്ങളെപ്പറ്റി പറയുന്നു. എങ്കിലും സകലവിധ ദോഷത്തിനും മൂലം എന്നു പറയുന്നതു ദ്രവ്യാഗ്രഹം എന്നു പറയുന്ന പാപമാണ്. ഒട്ടേറെ പാപങ്ങളിൽ കുടുങ്ങി വീണവർ അനുതപിച്ചു യഥാസ്ഥാനപ്പെട്ടതായി നാം കാണുന്നു. എന്നാൽ ദ്രവ്യാഗ്രഹം എന്ന പാപത്തിനു ഇരയായി തീർന്നവർ ആരും തന്നെ യഥാസ്ഥാനപ്പെട്ടു വന്നതായി നാം കാണുന്നില്ല. ദ്രവ്യാഗ്രഹത്തിനു രണ്ടുവശങ്ങളാണുള്ളത്. ഒന്നു തെറ്റായ മാർഗ്ഗത്തിലൂടെ മറ്റുള്ളവരുടെ പണം അപഹരിക്കുവാനുള്ള ആഗ്രഹം. മറ്റേതു ദൈവം നൽകിയിട്ടുള്ള ഭൗതീക സമ്പത്ത് തിരുനാമമഹത്വത്തിനായി ചിലവഴിപ്പാനുള്ള മനസ്സില്ലായ്മ. ഇവ രണ്ടും ഒരു പോലെ ശിക്ഷാർഹമാണു. വിശ്വാസികൾ ദ്രവ്യാഗ്രഹം വിട്ടോടണം.

4. കപടഭക്തി. നിലത്തിന്റെ വിലയിൽ കുറെ എടുത്തു വച്ചു എന്നു മാത്രമല്ല, മുഴുവൻ തുകയും കൊണ്ടുവന്നിരിക്കുന്നുവെന്ന് നടിച്ചതാണ് മറ്റൊരു പ്രധാന തെറ്റ്. ഭക്തിയുടെ വേഷം ധരിച്ചു അതിന്റെ ശക്തിയെ ത്യജിക്കുവാൻ അന്ത്യകാലത്തിന്റെ ലക്ഷണമാണ്. കപടഭക്തർ കർത്താവിൽ നിന്നും ശാപം ഏറ്റു വാങ്ങും. അമേരിക്കയിൽ ഒരു സഭാശുശ്രൂഷകൻ ആരാധനയ്ക്കായി ഒരു ആലയം പണിയുവാൻ താല്പര്യപ്പെട്ട സംഭവം വായിപ്പാനിടയായി. വളരെ കുറച്ചു പണം മാത്രമേ അദ്ദേഹത്തിന്റെ പക്കലുണ്ടായിരുന്നുള്ളൂ. ഉള്ള തുക കൊണ്ട് ഒരു ചെറിയ സഭാഹാൾ പണിയുവാനായി അദ്ദേഹം ഒരു ശില്പിയെ ഏല്പിച്ചു. ആ ശില്പി, ഈ ചെറിയ തുക കൊണ്ട് ആലയത്തിന്റെ മുൻഭാഗവും പ്രവേശന കവാടവും പണിതു. ഒരു ചെറിയ ആലയമാണെന്നു തോന്നിയാൽ ആളുകൾ അകത്തേക്കു വരുവാൻ മടി കാണിക്കുമെന്നും, പുറമേ നോക്കുമ്പോൾ ഒരു വലിയ പള്ളിയാണെന്നു മനുഷ്യർക്കു തോന്നണമെന്നും അകത്തു കയറുമ്പോൾ മാത്രം ഉള്ള അവസ്ഥ ജനം മനസ്സിലാക്കിയാൽ മതിയെന്നുമായിരുന്നു ശില്പി നൽകിയ ആലോചന. എന്നാൽ കർത്തൃദാസൻ ഈ ആലോചനയെ പാടേ നിരാകരിച്ചു. കാരണം കപടഭക്തിയുടെ ഒരു പ്രതീകമായി തന്റെ സഭാഹാൾ പണിയേണ്ടതില്ല എന്ന ഉറച്ചതീരുമാനമായിരുന്നു അദ്ദേഹത്തിന്. അകത്തു എന്തുണ്ടോ അതു മാത്രം പുറത്തും കാണിച്ചാൽ മതി എന്ന ആശയത്തിൽ അദ്ദേഹം ഉറച്ചു നിന്നു. തികഞ്ഞ ആത്മാർത്ഥ നമ്മുടെ എല്ലാ സേവനങ്ങളിലും ഉണ്ടായിരിക്കട്ടെ. മത്താ.6:1.

നാം ചെയ്യുന്ന സൽപ്രവൃത്തി എന്തുതന്നെ ആയിരുന്നാലും അതിന്റെ പിമ്പിലുള്ള ആന്തരിക ശുദ്ധി എന്താണെന്നത്രെ കർത്താവു നോക്കുന്നത്. ഹൃദയം ശുദ്ധമാകുന്നില്ലായെങ്കിൽ ദൈവം പ്രാർത്ഥന കേൾക്കയില്ല. സങ്കീ. 86:18, ഉത്സവങ്ങൾ വെറുക്കപ്പെടും. യെശ. 1:14-18 സംഗീതം സ്വീകാര്യമല്ല. ആമോ. 5:23, 6:5 യേശുക്രിസ്തു ഇഹലോകത്തിലായിരുന്നകാലത്ത് തന്റെ വസ്ത്രത്തിന്റെ തൊങ്ങൽ മാത്രം തൊട്ട സ്ത്രീയ്ക്കു അത്ഭുത രോഗശാന്തിയുണ്ടായി. എന്നാൽ അവന്റെ അങ്കിയ്ക്കായി ചീട്ടിട്ടു വിഭജിച്ചെടുത്തുവർക്ക് ആർക്കും രോഗശാന്തി ഉണ്ടായതായി കാണുന്നില്ല. അവന്റെ ശരീരത്തിൽ സ്പർശിച്ചവരും, കന്നത്തടിച്ചവരും, കൈകാലുകൾ തുളച്ചവരും ഒന്നും അവനിൽ നിന്നുള്ള ശക്തി അനുഭവിച്ചില്ല. മനുഷ്യൻ പുറമേയുള്ളതു നോക്കുന്നു കർത്താവോ ഹൃദയങ്ങളെ തൂക്കി നോക്കുന്നു. ധനവാന്മാർ വലിയ തുകകൾ ഭണ്ഡാരത്തിൽ നിക്ഷേപിച്ചു. എന്നാൽ രണ്ടുകാശിട്ട ഒരു വിധവയെയാണു യേശു പ്രശംസിച്ചതു. ഹൃദയങ്ങളെ ശോധന ചെ

*ശേഷം പേജ് 4*





# Before saying "I Do"

**Rev. Sanil John**

One of the remarkable characteristics of God's Word is its ability to speak to our contemporary life and decisions with precision and clarity. And so when it comes to the most important decision that most of us will ever make other than our decision to accept Christ as our Savior, selecting a marriage partner, thankfully, the Bible has a lot of wisdom and instructions to give to our lives. There is no chapter or book or section entitled "How to select a suitable marriage partner" in God's Word. But as it is with most instances of life, the Word of God gives us guidelines and guideposts throughout its pages that have stood the test of time. Having birthed in the heart of a loving heavenly Father, who is the author and creator of marriage, we ignore God's Word at our own peril when it comes to this life altering decision of our lives.

First and foremost, the one requirement that is not up for debate biblically is the issue of whether the person is a believer or not. The Word of God is very clear on this matter and a compromise is not allowed under any circumstances. The Apostle Paul states "Do not be unequally yoked with unbelievers. For what partnership has righteousness with lawlessness? Or what fellowship has light with darkness?" (2 Corinthians 6:14). This very clear directive from God's Word does not allow for compromise or exceptions. If you are already a believer of the Lord Jesus Christ, the first and foremost requirement is that your spouse to be is also a born again believer. I would even add that rather than settling for the most basic requirement of being a believer, we should be regarding his or her relationship with Christ to be the most important criterion. The long term success of a Christian marriage is vitally dependent on both the husband and wife looking to Christ for their help and trusting Him to sustain them. As C.S. Lewis has aptly said "When I have learned to love God better than my earthly dearest, I shall love my earthly dearest better than I do now". Love for Christ becomes the foundation and the driving force behind our love, admiration and respect for each other in a marriage setting. Ensuring that the others persons' walk with Christ is solid and of paramount importance for them in their lives, as best as you could assess from a human perspective, should be a top and indispensable priority in the life of a believer.

It is in our human nature to be attracted to a person initially based on his or looks and physical appearance. But the Bible cautions us to consider the character of a person and regard it to be more important than their physical traits. As the Word of God states, "Charm is deceitful and beauty is vain, But a woman who fears the Lord, she shall be praised (Proverbs 31:30). In the Book of Genesis there is an interesting contrast between the selection of Rebekah as Isaac's wife (chap. 24) and Jacob's choice of Rachel, rather than Leah (chap. 29). A closer study of these two choices helps us to understand the consequences of choosing strictly based on looks and outward appearance. Abraham sent his oldest and most trusted servant to select a wife for Isaac, within the guidelines he laid down (Genesis 24:2-4). Abraham wanted to make sure that the wife of Isaac will be a woman who is selected from his own people and not from the Canaanites who were doomed for destruction. The test which the servant wisely devised (24:13-14) was one which revealed the character of the young woman—she would be a servant at heart, willing to give water to the stranger and his camels. Jacob, on the other hand, chose a wife for himself. He was unwilling to marry Leah, the older daughter, even though that was the accepted custom in those days (29:26). Jacob favored Rachel over Leah, not because of her character, but because of her looks and her personality (29:17). Jacob made his choice strictly based on looks with no mention of any regard on his part for Rachel's character. As the story unfolds in Genesis, it is very clear to us that Leah was preferred by God to be Jacob's wife over Rachel. Outliving her younger sister, Leah bore many more children to Jacob notably Judah who will become the tribe of the Messiah and Levi who will become the priestly tribe in service to the Lord. Even in death, Leah found honor more than Rachel. Leah was buried in the cave of Machpelah, beside Abraham and Sarah, Isaac and Rebekah (49:31), while Rachel was buried along the way to Bethlehem (35:19). These two stark different approaches to choosing our spouse illustrate the wisdom of following the advice of Proverbs and God's Word. While it may be physical attraction that first draws you to a person, let it always play a second fiddle to the more important trait of character that often does not fade with the passing of time.

Marriage is often described as a marathon and not a sprint and rightfully so. It requires patience and perseverance over the long haul to ensure its success. The book of Proverbs offers a myriad of qualities that characterize a wise husband and these traits are to be desired in a wife as well to ensure happiness and joy in marriage in the long run. Kind and compassionate (12:10), hard-working (12:11), exercising self-control (12:15), willingness to be corrected and listen to counsel (12:15), truthful (12:17), gentle tongue (12:18), generous (14:21), humble (15:25), faithful and reliable (17:17), integrity (19:1), forgiving (19:11), honest (29:24) are seen as exemplary in the eyes of the Lord. The Bible lists many more desirable qualities in Proverbs that shows again the importance that the Lord gives to the heart of a man or woman. While no potential spouse is perfect in any of these areas, it will serve us good to pay more attention to these qualities than things that might be important even culturally or socially. The way a person treats those who cannot repay them for their kindness or generosity and even his or her parents gives us an early glimpse into how well they function in a relationship setting. If possible, money management and issues such as giving to the Lord should be considered to avoid problems in the future. A person's involvement in their local church and mission and volunteer initiatives give us an understanding to their heart for the body of Christ and His mission in this world.

No amount of planning or careful scheming can ever be a substitute for a life of prayer as we seek the will of God for our lives. It is never too early to start praying for the Lord to lead you to the right person. In Genesis, as Abraham sought a wife for his son, the chapter is filled with prayer and looking to the face of God for guidance. No such prayer is seen in the life of Jacob as he desired for a wife. Pray without ceasing for this important decision and even when you feel as though you have prayed enough, pray again. I cannot emphasize enough the need to have the Lord's guidance and leading in this matter. It is also wise to listen to the Godly counsel of your pastors and respect the wishes of your parents as much as possible when it comes to choosing your partner for life. It shows humility on our part to listen and take heed the advice and wisdom of those who have gone down this path before us. Above all, I pray that more than ever, after we have chosen wisely according to the plan of God, our marriages will truly reflect the glory of our God in this world.






## അവിശ്വസ്തത പുലർത്തിയ ദമ്പതികളുടെ ദാരുണ അന്ത്യം

യ്യുന്ന കർത്താവിന്റെ മുമ്പിൽ യാതൊന്നും മറഞ്ഞിരിക്കുന്നില്ല.

യഥാർത്ഥ ആത്മീക ഉണർവ്വിന്റെ ലക്ഷണങ്ങൾ എന്തെല്ലാമെന്നു നാം അറിഞ്ഞിരിക്കേണം. അപ്പൊസ്തലപ്രവൃത്തികൾ വായിച്ചാൽ അതു ഗ്രഹിപ്പാൻ കഴിയും. 1. പ്രാർത്ഥിക്കാനുള്ള ആഗ്രഹം. 2. ദൈവജത്തോടു കൂട്ടായ്മ ആചരിപ്പാനുള്ള ആഗ്രഹം. 3. മറ്റുള്ളവരോട് സുവിശേഷം അറിയിപ്പാനുള്ള ആത്മഭാരം. 4. ആത്മീക പ്രവർത്തനങ്ങൾക്കുവേണ്ടിയും, മറ്റുള്ളവരുടെ നന്മയ്ക്കുവേണ്ടിയും നിർല്ലോഭമായി കൊടുക്കുവാനുള്ള സന്നദ്ധത. വാദ്യ സാമഗ്രികൾ. ഉപയോഗിച്ചു ഉണർവ്വു ഗാനങ്ങൾ നന്നായി പാടുമ്പോൾ ഉണ്ടാകുന്ന 'ഇളക്കം' ആത്മീക ഉണർവ്വിനായി പരിഗണിക്കരുത്.

## ഐ.പി.സി ഗ്ലോബൽ മീഡിയ മീറ്റ് ജനുവരി 19ന്

*1-ാം പേജ് തുടർച്ച*

പുരസ്കാര വിതരണവും, മികച്ച സൃഷ്ടികൾക്കുള്ള അവാർഡുകളും വിതരണം ചെയ്യും. അവലോകനം, പുതിയ പദ്ധതി അവതരണം, ചർച്ച, അംഗത്വ വിതരണം, ഐഡി കാർഡ് വിതരണം എന്നിവയും ഉണ്ടാകും.

ഈ വർഷമാദ്യം കുമ്പനാട് കൺവൻഷനോടനുബന്ധിച്ചാണ് ഐ.പി.സി ഗ്ലോബൽ മീഡിയ അസോസിയേഷൻ രൂപീകൃതമായത്. ഇതിന്റെ ഭാഗമായി നോർത്തമേരിക്കയിലും പുതിയ ചാപ്റ്റർ രൂപികരിക്കപ്പെട്ടു. 2019 മാർച്ച് 23ന് യു.എ.ഇയിൽ ഗ്ലോബൽ മീറ്റും പുതിയ ചാപ്റ്റർ രൂപീകരണവും നടക്കും.

ഗ്ലോബൽ മീറ്റിനു ഭാരവാഹികളായ സാംകുട്ടി ചാക്കോ നിലമ്പൂർ (ആക്ടിംഗ് ചെയർമാൻ), സജി മത്തായി കാതേട്ട് (ജന. സെക്രട്ടറി), പാസ്റ്റർ രാജു ആനിക്കാട്, ഷിബു മുള്ളങ്കാട്ടിൽ, ഫിന്നി രാജു (സെക്രട്ടറിമാർ) ഫിന്നി പി മാത്യു (ട്രഷറാർ), ടോണി ഡി ചെവ്വൂക്കാരൻ (ജന. കോർഡിനേറ്റർ), പാസ്റ്റർമാരായ അച്ചൻ കുഞ്ഞ് ഇലന്തൂർ, സി.പി.മോനായി, റോയി വാകത്താനം, സഹോദരന്മാരായ കുര്യൻ ഫിലിപ്പ്, ഷാജി മാറാനാഥാ ,കെ.ബി.ഐസക്, ഷാജി കാരയ്ക്കൽ, വിജോയ് സ്കറിയ, വെസ്ലി മാത്യു, ഉമ്മൻ എബനേസർ, നിബു വെള്ളവന്താനം, എം.വി.ഫിലിപ്പ്, രാജൻ ആര്യപ്പള്ളി, ജോർജ് ഏബ്രഹാം, സിസ്റ്റർ സ്റ്റാർ ലാ ലൂക്ക് തുടങ്ങിയ എക്സിക്യൂട്ടിവ് അംഗങ്ങൾ നേതൃത്വം നല്കും. ഗ്ലോബൽ മീറ്റിനോടനുബന്ധിച്ച് പുതിയ പുസ്തകങ്ങളുടെ പ്രകാശനം നടത്തുന്നതിനായി പ്രസാധകർ മുൻകൂട്ടി 1000 രൂപ ഫീസടച്ച് രജിസ്ടർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്: 9447372726, 9447350038

# ഐഎപിസി ഡാളസ് ചാപ്റ്ററിന് പുതിയ നേതൃത്വം



മീനാ നിബു · രാജു തരകൻ · സാം മത്തായി · ജോജി അലക്സ് · വിത്സൺ തരകൻ · പി .സി .മാത്യു · അനുപമ വെങ്കിടേഷ് · പ്രൊഫ. ജോയി പല്ലാട്ടുമഠം · ഏലിക്കുട്ടി ഫ്രാൻസിസ് · ഫ്രിക്സ്മോൻ മൈക്കിൾ

*ഡോ . മാത്യു ജോയിസ്*

ഇൻഡോ അമേരിക്കൻ പ്രസ്ക്ലബ്ബിന്റെ ഡാളസ് ചാപ്റ്ററിന്റെ പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. ഐ. എ. പി. സി. യുടെ സ്ഥാപക ചെയർമാൻ ജിൻസ്മോൻ സഖറിയ തിരഞ്ഞെടുപ്പ് പ്രക്രിയകൾക്കു നേതൃത്വം നൽകി.

പുതിയ വർഷത്തിലെ ഭാരവാഹികളായി മീനാ നിബു (പ്രസിഡന്റ്), രാജു തരകൻ (വൈസ് പ്രസിഡന്റ്), സാം മത്തായി (സെക്രട്ടറി ), ജോജി അലക്സ് (ജോയിന്റ് സെക്രട്ടറി ), വിത്സൺ തരകൻ (ട്രഷറർ) എന്നിവരെയാണ് തിരഞ്ഞെടുത്തത്.

ചാപ്റ്റർ അഡ്വൈസറി ബോർഡ് അംഗങ്ങളായി പി.സി.മാത്യു, അനുപമ വെങ്കിടേഷ്, പ്രൊഫ. ജോയി പല്ലാട്ടുമഠം, ഏലിക്കുട്ടി ഫ്രാൻസിസ്, ഫ്രിക്സ്മോൻ മൈക്കിൾ എന്നിവരെയും നോമിനേറ്റ് ചെയ്തു.

ചാപ്റ്റർ പ്രസിഡന്റ് ആയി അവരോധിക്കപ്പെടുന്ന മീനാ നിബു, ഡാളസ്സിൽ അറിയപ്പെടുന്ന സാമൂഹ്യ സാംസ്കാരിക മാധ്യമ രംഗങ്ങളിലെ സജീവപ്രവർത്തകയാണ്. 1992 കാലങ്ങളിൽ തിരുവനന്തപുരം ഓൾ സെയിന്റ് സ് കോളേജ് ആർട്സ് ക്ലബ് സെക്രട്ടറിയും യൂണിയൻ കൗൺസിലറും ആയിരുന്നു. തുടർന്ന് മാധ്യമരംഗത്തേക്ക് കടന്നു വന്നു കൊണ്ടു ദൂരദർശന്റെ അവതാരകയായി നിരവധി പരിപാടികൾ കാഴ്ചവെയ്ക്കുകയുണ്ടായി. പിന്നീട് 15 വർഷങ്ങൾ ഏഷ്യാനെറ്റിൽ അവതാരകയും ന്യൂസ് റീഡറും തുടർന്ന് ജയ്ഹിന്ദ് ടീവിയിലും അവതാരക ആയിരുന്ന മീന ഇപ്പോൾ ഫ്ളവേഴ്സ് ടീവിക്കുവേണ്ടി പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 2001 മുതൽ സ്വരജതി എന്ന മ്യൂസിക് ആൻഡ് ഡാൻസ് സ്കൂൾ നടത്തുകയും പ്രൊഫെഷണൽ നാടകരംഗത്ത് സജീവമായി വ്യക്തിമുദ്ര പതിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന മികച്ച സംഘാടകയും മാധ്യമ പ്രവർത്തകയുമാണ് മീനാ നിബു.

വൈസ് പ്രസിഡന്റ് രാജു തരകൻ കേരളത്തിൽ ദീർഘകാലം ദിനപ്പത്രങ്ങളിൽ റിപ്പോർട്ടറായി സേവനം അനുഷ്ഠിക്കുകയും വിവിധ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ അനവധി ലേഖനങ്ങൾ രചിച്ചിട്ടുമുള്ള മാധ്യമപ്രതിഭയാണ്. കഴിഞ്ഞ 15 വർഷമായി ഡാളസ്സിൽ നിന്നും സ്വന്തമായി എക്സ്പ്രസ് ഹെറാൾഡ് എന്ന പത്രം നടത്തുകയും സാമൂഹ്യസാംസ്കാരിക മേഖലകളിൽ പ്രവർത്തിക്കുന്ന പ്രവാസി സംഘടനകൾക്ക് നേതൃത്വം വഹിക്കുകയും ചെയ്യുന്നു.

സെക്രട്ടറി ആയി തിരഞ്ഞെടുക്കപ്പെട്ട സാം മത്തായി കേരളത്തിൽ സെന്റ് ജോൺസ് കോളജിലെ യൂണിയൻ മാഗസിൻ എഡിറ്ററും, രഥം മാഗസിന്റെ ജനറൽ എഡിറ്ററുമായിരുന്നു. കേരളാ ട്രിബ്യൂണൽ പ്രസിദ്ധീകരണത്തിന്റെ മാനേജിംഗ് എഡിറ്റർ ആയിരുന്ന സാം, ഡാളസ് മലയാളി അസോസിയേഷന്റെ ഇപ്പോഴത്തെ പ്രസിഡന്റ് കൂടിയാണ്. ജോയിന്റ് സെക്രട്ടറി ആയ ജോജി തെരഞ്ഞെടുത്ത അലക്സാണ്ടർ വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ ഇ

*ശേഷം പേജ് 9*

# PRESERVATION OF FAITH..

*Cont from p 2*

them that they were a special people for God. The institution of circumcision became more popular because it provided the elders an opportunity to educate the younger generation, especially when they did not have the organized institutions such as the Temple. The Jews could have emphasized the Sabbath much more than it used to be before the exile. It gave them the opportunity to demonstrate their exclusivism and religious superiority to the world. When the Jews did not take part in the common festivals of Babylon they must have attracted a lot of attention mixed with hatred towards them, which provided them with the opportunity to renew their religious and cultural superiority.

In the absence of the Temple, the Jews developed a creative way of coming together probably not exclusively for spiritual matters but all that related to their lives. The Greek word "Synagogue" simply means "coming together." There is no explicit reference for the existence of synagogues during the exile, but there are implicit references in the Bible that shows Synagogues existed. When Ezekiel was in Babylon, elders of different families came together probably to discuss the matters related to the Jews (Ezek 14:1). When Ezra returned to Jerusalem there were formal gatherings which could have later been called the Synagogues. The Synagogues functioned as centers for Jewish learning and social gatherings. The Synagogue gathering consisted of daily prayer and reading of the Scripture. In their daily prayer, they recited scripture (Deut 6:1-9; 11:13-25). The purpose of the recital of the Scripture was to educate every Jew about their national and spiritual identity. In all the trials and tests they underwent, the Jews showed that it is possible to preserve ones faith even in the midst of adverse cultural circumstances. In fact, they demonstrated that it is possible to renew and rejuvenate their faith and spiritual identity even in such a hostile atmosphere.

How can we preserve our faith during 'perilous times' and prepare for the coming of the Lord? First, we have to learn God's word and commit our lives to live by what it says (Matthew 28:20). Second, believe that the word of God will walk us through every situation in our life (2 Timothy 3:16; Joshua 1:8; Psalm 119:105). Third, cultivate a desire to grow in the Lord and reach the fullness of Christ (Ephesians 4:13, 24). Fourth, consistently examine our spiritual life through fasting and prayer and strengthen our relationship with Jesus and fellow believers (2 Corinthians 13:5; Luke 2:52). Fifth, strengthen the weak and support the needy inside and outside the body of Christ (Mark 6:35-41). Sixth, nurture a compassionate heart towards the lost (Matthew 9:35-38). Seventh, pay undivided attention to the coming of the Lord (Matthew 24:36-42; Revelation 19:7).

Perilous times may be ahead of us. But the Lord will be with us till the end. Jesus said, "Let not your heart be troubled; you believe in God, believe also in Me. In My Father's house are many mansions, if it were not so, I would have told you. I go to prepare a place for you. And if I go and prepare a place for you, I will come again and receive you to Myself; that where I am, there you may be also" (John 14:1-3). He will not leave us or forsake us.


It's your retirement, but we can help you plan for it.

It is time to plan for the road ahead – wherever it may take you. We can assist you with your retirement planning, and help you reach the goals that you have for you and your family.





Shiju Abraham, BCS
Financial Professional
972-455-4371
sabraham@financialguide.com
www.Spectrumfg.com

Spectrum
Spectrum Financial Group
A member of the MassMutual Financial Group

Insurance. Retirement. Investments.

Insurance Representative of Massachusetts Mutual Life Insurance Company (MassMutual), Springfield, MA 01111-0001, and its affiliated US insurance companies. MassMutual Financial Group is a marketing name for MassMutual and its affiliated companies and sales representatives. Shiju Abraham is a Registered Representative of and securities offered through MML Investors Services, LLC, Member SIPC and a MassMutual subsidiary. Supervisory Office: 13455 Noel Road, 20th Floor, Dallas, TX 75240. 972-458-9907. Insurance products issued by MassMutual, Springfield, MA 01111, and its subsidiaries, C.M. Life Insurance Co. and MML Bay State Life Insurance Co., Enfield, CT 06082. CRN202103-228152

# തിരുവായ്മൊഴികൾ ആദർശവാദങ്ങളല്ല...

യേശുവും ഇതരമതങ്ങളിലെ ദേവീദേവന്മാരും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളിൽ ഒന്ന്, മറ്റ് മതങ്ങളിലെല്ലാം മനുഷ്യർ ദേവീദേവന്മാരെ തേടിപ്പോയിട്ടും കണ്ടുമുട്ടാതെ നിരാശരായിക്കഴിയുമ്പോൾ, ഇവിടെ യേശു കർത്താവ് പാപികളായ മനുഷ്യരെ തേടി വരികയാണ്. ലോകത്തിനു നൽകാൻ കഴിയാത്ത ദിവ്യസമാധാനം സൗജന്യമായി അവൻ മനുഷ്യർക്ക് നൽകുകയാണ്. ജീവജലം ആവശ്യമുള്ളവർക്കെല്ലാം യാതൊരു പക്ഷാഭേദവും കൂടാതെ ധാരാളമായി നൽകുന്നു. സമൂഹത്തിൽ ഒറ്റപ്പെട്ട വ്യഭിചാരിണിയായ ശമര്യക്കാരിയോട് യേശു ഒരിക്കൽ പറഞ്ഞു: 'ഈ വെള്ളം കുടിക്കുന്നവനെല്ലാം വീണ്ടും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കുകയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങി വരുന്ന നീരുറവയായിത്തീരും'



**റവ.ജോർജ് മാത്യു, പുതുപ്പള്ളി**

യേശുക്രിസ്തുവിന്റെ തിരുവായ്മൊഴികൾ വെറും ആദർശവാദങ്ങൾ മാത്രമായിരുന്നില്ല. സ്വന്ത ജീവിതത്തിൽ പ്രായോഗികമാക്കി കാണിക്കാത്ത ഒരു ഉപദേശവും യേശു പറഞ്ഞിട്ടില്ല. ശത്രുക്കളെ സ്നേഹിക്കുവാനും ചെകിട്ടത്ത് അടിക്കുന്നവന് മറുചെകിട് കാട്ടിക്കൊടുക്കുവാനും സ്വർഗീയ പിതാവ് സൽഗുണപൂർണനായിരിക്കുന്നതുപോലെ സൽഗുണപൂർണനാകുവാനും യേശുവിനു കഴിഞ്ഞു. തന്റെ ധാർമ്മിക പ്രമാണങ്ങൾ മറ്റുള്ളവരുടെ മേൽ അടിച്ചേൽപ്പിക്കാൻ ശ്രമിക്കാതെ, നന്മയുടെയും ദൈവസ്വഭാവത്തിന്റെയും മൂർത്തിമത്ഭാവമായിരുന്നു യേശു. ഈ പ്രപഞ്ചത്തിന്റെ അടിസ്ഥാനപ്രമാണങ്ങൾ ഉപദേശങ്ങളിലൂടെ അവൻ ഉയർത്തിക്കാട്ടി. വെറും കൽപനകളുടെ ഒരു നീണ്ട പട്ടിക നൽകുകയായിരുന്നില്ല ക്രിസ്തു. ശാസ്ത്രിമാരെപ്പോലെയല്ല അധികാരമുള്ളവനായിട്ടത്രെ അവൻ ഉപദേശിച്ചത്. ശാസ്ത്രിമാർ മറ്റുള്ളവയെ അടിസ്ഥാനമാക്കി ഉപദേശിച്ചപ്പോൾ 'ഞാനോ നിങ്ങളോട് പറയുന്നു' എന്നുള്ള അധികാര സ്വരമാണ് യേശു കർത്താവിൽ നിന്നും ഉണ്ടായത്.

'ഞാൻ ലോകത്തിന്റെ വെളിച്ചമാണെന്നും വാതിൽ ആകുന്നുവെന്നും നല്ലിയടനാകുന്നുവെന്നും' അവൻ വെറുതെ പറഞ്ഞതല്ല. തന്നിൽ വിശ്വസിക്കുന്നവരെല്ലാം അതു വാസ്തവമായി അനുഭവിച്ചിരുന്നു. ക്രിസ്തുവിലേക്കു കടന്നു വരുന്നവർക്ക് സന്തോഷത്തോടെ ഇങ്ങനെ പറയുവാൻ കഴിയും. 'ഇതാ ഒരു മനുഷ്യൻ, അവനിൽ സകല ശാസ്ത്രീയ സത്യങ്ങളും മാനസിക സത്യങ്ങളും താത്വിക സത്യങ്ങളും ഉൾക്കൊണ്ടു കിടക്കുന്നു.' ഒരിക്കൽ ഒരു ക്രിസ്തീയ യോഗത്തിൽ ഗാന്ധിജി ഇപ്രകാരം പ്രസ്താവിച്ചു. 'ക്രിസ്ത്യാനികളായ നിങ്ങൾ എല്ലാവരും കൂടുതൽ കൂടുതൽ ക്രിസ്തുവിനെപ്പോലെ ജീവിക്കുവാൻ ആരംഭിക്കണം. ക്രിസ്തുവിന്റെ ഉപദേശങ്ങൾ ഒട്ടും മായം ചേർക്കാതെ ജീവിതത്തിൽ പ്രായോഗികമാക്കണം. ക്രിസ്തു മതത്തിന്റെ കേന്ദ്ര സന്ദേശം സ്നേഹമാകയാൽ സ്നേഹം നിങ്ങളുടെ പ്രവർത്തനശക്തിയാക്കി മാറ്റണം.'

യേശുവും ഇതരമതങ്ങളിലെ ദേവീദേവന്മാരും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളിൽ ഒന്ന്, മറ്റ് മതങ്ങളിലെല്ലാം മനുഷ്യർ ദേവീദേവന്മാരെ തേടിപ്പോയിട്ടും കണ്ടുമുട്ടാതെ നിരാശരായിക്കഴിയുമ്പോൾ, ഇവിടെ യേശു കർത്താവ് പാപികളായ മനുഷ്യരെ തേടി വരികയാണ്. ലോകത്തിനു നൽകാൻ കഴിയാത്ത ദിവ്യസമാധാനം സൗജന്യമായി അവൻ മനുഷ്യർക്ക് നൽകുകയാണ്. ജീവജലം ആവശ്യമുള്ളവർക്കെല്ലാം യാതൊരു പക്ഷാഭേദവും കൂടാതെ ധാരാളമായി നൽകുന്നു. സമൂഹത്തിൽ ഒറ്റപ്പെട്ട വ്യഭിചാരിണിയായ ശമര്യക്കാരിയോട് യേശു ഒരിക്കൽ പറഞ്ഞു: 'ഈ വെള്ളം കുടിക്കുന്നവനെല്ലാം വീണ്ടും ദാഹിക്കും. ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവനോ ഒരുനാളും ദാഹിക്കുകയില്ല. ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവങ്കലേക്ക് പൊങ്ങി വരുന്ന നീരുറവയായിത്തീരും' (യോഹ.4:5). യരുശലേം സന്ദർശനവേളയിൽ യാക്കോബിന്റെ കിണറ്റിൽ നിന്നും വെള്ളം കോരി വയർ നിറയെ കുടിച്ച ശേഷം സന്തോഷത്തോടെ യാത്ര തുടർന്ന സാധു സുന്ദർസിംഗിന് പൊരിവെയിലിൽ പിന്നെയും ദാഹിച്ചു. അപ്പോഴാണ് കർത്താവ് അരുളിച്ചെയ്ത ഈ ജീവവചനത്തിന്റെ ശക്തിയെക്കുറിച്ച് സുന്ദർസിംഗ് ശരിക്കും ബോധവാനായത്. ഉടൻ തന്നെ ഡയറിയിൽ അദ്ദേഹം കുറിച്ചു: 'കഴിഞ്ഞ പതിനാല് വർഷങ്ങളായി ഞാൻ യേശുവിനെ കണ്ടുമുട്ടിയിട്ട്. അന്നു മുതൽ ഇന്നുവരെ ആത്മീയ ദാഹത്തിൽ ഞാൻ പരവശനായിട്ടില്ല.' ശൂലേമിയെപ്പോലെ യരുശലേം പുത്രിമാരോട് നമുക്കും പറയാം : 'എന്റെ പ്രിയൻ വെണ്മയും ചുവപ്പും ഉള്ളവൻ. പതിനായിരം പേരിൽ അതിശ്രേഷ്ഠൻ തന്നെ. അവന്റെ വായ് ഏറ്റവും മധുരമുള്ളത്. അവൻ സർവാംഗസുന്ദരൻ തന്നെ. യരുശലേം പുത്രിമാരേ, ഇവനത്രെ എന്റെ പ്രിയൻ, ഇവനത്രെ എന്റെ സ്നേഹിതൻ' (ഉത്തമ.5:10, 16).

തന്റെ ശുശ്രൂഷ തുടരുവാൻ നിർവാഹമില്ലാത്ത അവസ്ഥയിൽ എത്തിയ ഒരു യുവവൈദികൻ ഉണ്ടായിരുന്നു. അദ്ദേഹം രോഗിയായി നിരാശപ്പെട്ട് നിരാശനായി ജീവിക്കുമ്പോൾ ഒരു പ്രാർത്ഥനാഹോളിന്റെ ഭിത്തിമേൽ ഇങ്ങനെ ഒരു വാചകം കുറിച്ചിട്ടിരിക്കുന്നതു കണ്ടു. 'യേശു ഇവിടെയുണ്ട്. ഇവിടെ എന്തും സംഭവിക്കാം.' അദ്ദേഹം അതു വീണ്ടും വീണ്ടും വായിച്ചു. ഇത് എനിക്കും സംഭവിക്കുമോ എന്നു ചിന്തിച്ച് അദ്ദേഹം ആ പ്രാർത്ഥനാഹോളിലേക്കു കയറി. ഈ യേശു അദ്ദേഹത്തെയും കാത്ത് അവിടെ ഉണ്ടായിരുന്നു. അദ്ദേഹം അവിടെ മുഴങ്കാലിലിരുന്ന് തന്റെ ഭാരങ്ങളെല്ലാം യേശുവിനോട് പറഞ്ഞു. നിരാശയും ഇച്ഛാഭംഗവുമെല്ലാം യേശുവിന്റെ പാദപീഠത്തിൽ സമർപ്പിച്ചു. മുട്ടിന്മേൽ നിന്ന് എഴുന്നേറ്റപ്പോൾ അദ്ദേഹം ഒരു പുതിയ മനുഷ്യനായി മാറി. പൂർണമായ ദൈവീക രോഗശാന്തി കരസ്ഥമാക്കി. ജീവനും ശക്തിയും ചൈതന്യവും ഉത്സാഹവും നിറഞ്ഞവനായി കർത്താവിന്റെ വയലിൽ അദ്ധ്വാനിക്കാൻ തീരുമാനിച്ചുകൊണ്ട് മടങ്ങിപ്പോയി. ആയിരക്കണക്കിനു കിലോമീറ്ററുകൾ സഞ്ചരിച്ച് അനേകരോട് സുവിശേഷം അറിയിച്ചു. ഇത് ഈ ലേഖകന്റെ അനുഭവമാണോ എന്നു ചിന്തിക്കുന്ന വായനക്കാർ ഉണ്ടാകും. അതെ, തീർച്ചയായും ഇത് എന്റെ അനുഭവമാണ്. മറ്റനേകരുടെ അനുഭവമാണ്. ഇത് താങ്കളുടെയും അനുഭവമാകണം. പ്രിയ സുഹൃത്തേ, യേശു ഒരു സിദ്ധാന്തം മാത്രമല്ല അവൻ ജീവിക്കുന്ന ഒരു അനുഭവം കൂടിയാണ്.







# വിവാഹ പൂർവ്വ ലൈംഗിക ബന്ധങ്ങൾ

# പാപത്തിൻറെ പട്ടികയിൽ ഉൾപ്പെടുത്താമോ?



**തോമസ് മുല്ലയ്ക്കൽ**

**ആ**ത്മീയ കാര്യങ്ങളിൽ വളരെ സജീവമായി പ്രവർത്തിക്കുന്ന ചില യുവജനങ്ങളുമായി അടുത്ത് ഇഴകിയപ്പോൾ അവർ ധരിച്ചുവച്ചിരിക്കുന്ന ചില ചിന്താഗതികൾ ഗ്രഹിക്കാൻ കഴിഞ്ഞത് അക്ഷരാർത്ഥത്തിൽ ഞെട്ടിക്കാൻ പോന്നതായിരുന്നു. അതിലൊന്നാണ് വിവാഹ പൂർവ്വ ലൈംഗിക ബന്ധത്തെപ്പറ്റിയുള്ള അവരുടെ വീക്ഷണം. വിവാഹത്തിനു മുമ്പുള്ള ലൈംഗിക ബന്ധങ്ങൾ ബൈബിളിന് എതിരല്ല എന്നും മറിച്ച് വിവാഹ ജീവിതത്തിലെ അവിശ്വസ്തത മാത്രമാണ് പാപം എന്നുമാണ് അവർ തെറ്റിദ്ധരിച്ചിരിക്കുന്നത്. ലൈംഗിക അരാജകത്വം നടമാടുന്ന അമേരിക്കൻ സമൂഹത്തിൽ ജീവിക്കുന്ന അത്തരം കുഞ്ഞുങ്ങളിൽ അങ്ങനെയൊരു അഭിപ്രായം ഉണ്ടാകുന്നതിൽ തെറ്റ് പറയാനാകില്ല. എന്നാൽ ബൈബിളിന്റെ വെളിച്ചത്തിൽ അത് വിശദീകരിച്ചു കൊടുത്തപ്പോൾ അവർ പറയുന്നത് മാതാപിതാക്കളോ സഭയോ അത്തരം കാര്യങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾ നൽകുന്നില്ല എന്നതാണ്.

1 കൊരിന്ത്യർ 6: 1720 വരെയുള്ള വാക്യങ്ങൾ ഒരു ഭർത്താവിനോടും ഭാര്യയോടുമല്ല പറയുന്നത്; ഏതൊരു ദൈവപൈതലിനോടുമുള്ള കൽപ്പനയാണത്. 'കർത്താവിനോടു പറ്റിച്ചേരുന്നവനോ അവനുമായി ഏകാത്മാവു ആകുന്നു. ദുർന്നടപ്പു (Fornication) വിട്ടു ഓടുവിൻ. മനുഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിനു പുറത്താകുന്നു. ദുർന്നടപ്പുകാരനോ സ്വന്തശരീരത്തിന്നു വിരോധമായി പാപം ചെയ്യുന്നു. ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലയ്ക്കു വാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരംകൊണ്ടു ദൈവത്തെ മഹത്വപ്പെടുത്തുവിൻ. 'ദുർന്നടപ്പ്' അഥവാ Fornication എന്ന വാക്കിന് Webster's Dictionary നൽകുന്ന നിർവ്വചനം 'രണ്ട് പേർ തമ്മിൽ ഉഭയ സമ്മതപ്രകാരം ചെയ്യുന്ന ലൈംഗിക ബന്ധം' എന്നാണ്.

എന്തുകൊണ്ട് ഇത്തരം അവിശുദ്ധമായ ബന്ധങ്ങൾ ബൈബിൾ എതിർക്കുന്നു? അതിന് ശാരീരികവും മാനസികവുമായ കാരണങ്ങൾ കൂടാതെ നമ്മുടെ നിത്യരക്ഷയെ വരെയും ബാധിക്കുന്ന ഘടകവും അതിൽ ഉൾപ്പെട്ടിട്ടുണ്ട്. പ്രധാനപ്പെട്ട ചില സംഗതികൾ മാത്രം ഇവിടെ കൊടുക്കുന്നു.

1. ഇത് കുറ്റബോധവും ഭയവും ഒരാളിൽ സൃഷ്ടിക്കുന്നു. ഏകാന്തതയിലേക്കും ഒറ്റപ്പെടുത്തലിലേക്കും വ്യക്തികളെ നയിക്കുന്നു. സ്വയലജ്ജയും നിന്ദയും ഉളവാക്കുന്നു.
2. ശുദ്ധമനഃസാക്ഷിയെ ഇല്ലാതെയാക്കുന്നു. പകയും വിരോധവും ഉള്ളിൽ ജനിക്കാൻ ഇടയാകുന്നു.
3. തിരസ്കരണവും ഇച്ഛാഭംഗവും വരുത്തുവാൻ ഇടയാക്കുന്നു.
4. സമാധാന ജീവിതം ഇല്ലാതെയാക്കുന്നു. താല്പ്പര്യമില്ലെങ്കിലും വീണ്ടും അതേ പാപപ്രവർത്തി ആവർത്തിക്കുവാൻ നിർബന്ധിക്കപ്പെടുന്നു.
5. അനാവശ്യമായ ഗർഭധാരണം മൂലം ഗർഭം അലസിപ്പിക്കാൻ നിർബന്ധിക്കപ്പെടുന്നു.
6. ലൈംഗിക രോഗങ്ങൾക്ക് ഒരു പക്ഷേ കാരണമായിത്തീരുന്നു.
7. ചില സന്ദർഭങ്ങളിൽ ഭീഷണികൾക്കും കൂടാതെ താൽപര്യമില്ലാത്തവരുടെ ഇംഗിതത്തിനും വഴങ്ങുവാൻ പ്രേരിപ്പിക്കപ്പെടുന്നു.
8. ഭദ്രമായ കുടുംബജീവിതത്തെക്കുറിച്ചുള്ള സ്വപ്നങ്ങൾക്ക് മങ്ങലേൽക്കുന്നു. തന്മൂലം താമസിച്ചുള്ള വിവാഹത്തിലേക്കോ അവിവാഹിത ജീവിതത്തിലേക്കോ അത് അവരെ തള്ളിയിടുന്നു.
9. ജീവിതത്തിലെ യഥാർത്ഥ ലക്ഷ്യം നഷ്ടപ്പെടുത്തുന്നു.
10. ഏകാഗ്രത നഷ്ടമാക്കുന്നു. മനസ്സിൽ പാപചിന്തകൾ നിറക്കുന്നു.
11. നല്ല ജീവിത സാക്ഷ്യം നഷ്ടമാക്കുന്നു.
12. ഭാവി കുടുംബ ജീവിതത്തെ ഇത് സാരമായി ബാധിക്കുന്നു.
13. കാലക്രമേണ ഇത് മറ്റു ലൈംഗിക പാപങ്ങളിലേക്കും നയിക്കുന്നു. കാമത്തിന് അടിമപ്പെട്ട് അനിയന്ത്രിതമായ ലൈംഗിക അരാജകത്വത്തിലേക്ക് അത് കൊണ്ടുപോകും. ധനനഷ്ടം, മാനനഷ്ടം, ജയിൽവാസം എന്നീ പരിണിത ഫലങ്ങൾ പിറകെയുണ്ടാകും.
14. വഴക്കിലേക്കും ഒരു പക്ഷെ മരണത്തിലേക്കും അത് നയിക്കും.
15. യഥാർത്ഥ സ്നേഹത്തെപ്പറ്റിയുള്ള വീക്ഷണം ഇത്തരം പ്രവർത്തികൾ ദുർബലപ്പെടുത്തുന്നു.
16. പരമപ്രധാനമായും ഇത് ദൈവവുമായുള്ള ബന്ധത്തെ ഗുരുതരമായി ബാധിക്കുന്നു.
17. ആത്മീയ ജീവിതം നയിക്കുവാൻ കഴിയാത്ത അവസ്ഥയുളവാകുന്നു. അഭിനയ ജീവിതത്തിലേക്കാവും അത് പതിയെ കൊണ്ടുപോകുക. ഒടുവിൽ പൊതുജന മദ്ധ്യത്തിൽ മുഖം മൂടി അഴിഞ്ഞുവീഴുന്നത് ആത്മഹത്യയിലേയ്ക്ക് നയിക്കുവാൻ സാദ്ധ്യതയുണ്ട്.
18. പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് തടസ്സമുണ്ടാക്കും. പ്രാർഥനാ ജീവിതം നഷ്ടമാകും. ദൈവീക പദ്ധതികൾ ജീവിതത്തിൽ നടക്കാതെ വരും.
19. ദൈവം വച്ചിരിക്കുന്ന വിവിധ താലന്തുകൾ വേണ്ട നിലയിൽ ശോഭിക്കാതെ വരും



20. ദൈവീക കാര്യങ്ങളോടുള്ള വിരക്തി ഒടുവിൽ ലോകത്തിലേക്ക് തള്ളിയിടുവാൻ ഇടയാക്കും. അത് ഒടുവിൽ നരകത്താൽ തീപിടിക്കുകയും ചെയ്യും. ദൈവത്തോടോപ്പമുള്ള നിതൃത നഷ്ടമാക്കുവാൻ ഇത് കാരണമായിത്തീരുന്നു.

ഇത്രയുമൊക്കെ എഴുതിയത് യുവജനങ്ങളിൽ ഒരു അവബോധം സൃഷ്ടിക്കാൻ വേണ്ടി മാത്രമാണ്. അവരെ ഭയപ്പെടുത്തുവാനുള്ള ഒരു ആയുധമായി മുകളിൽ പറഞ്ഞ സംഗതികൾ ഉപയോഗിക്കുവാൻ മുതിർന്നവർ ശ്രമിക്കരുത്. മറിച്ച്, സ്നേഹത്തിലും പ്രാർഥനയിലും ആത്മീയ കൂട്ടായ്മയിലും നാം അവരുടെ മുമ്പാകെ മാതൃകയുള്ളവരായി ക്രിസ്തീയ ജീവിതം നയിക്കുന്നതോടൊപ്പം അവസരം പോലെ സ്നേഹത്തിൻറെ ആത്മാവിൽ പരിശുദ്ധാത്മ നിയോഗത്താൽ പ്രാർഥനയോടെ അവരെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കണം. കാര്യങ്ങൾ കൂടുതൽ വഷളാകുന്നതിനു മുമ്പ് പാസ്റ്ററുമായോ അല്ലെങ്കിൽ ആത്മീയ പക്വതയുള്ളവർ മുഖാന്തിരമോ അത്തരക്കാരോട് സംസാരിക്കുന്നത് ഉചിതമായിരിക്കും.









# യോന നമുക്ക് സമസ്വഭാവം ഉള്ള മനുഷ്യൻ



ഷാജി മണിയാറ്റ്

**ഏ**ലിയാവ് നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ എന്ന് തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഏലിയാവിന്റെ സ്വഭാവമോ ജീവിതരീതിയോ വിശ്വാസമോ നമ്മിൽ ദർശിക്കുവാൻ പ്രയാസമാണ്. എന്നാൽ പ്രവാചകനായ യോനായുടെ സ്വഭാവമാണ് നമുക്ക് കാണാൻ ഇന്ന് കഴിയുന്നത്. ദൈവീക ദർശനം ലഭിച്ച യോന. ആത്മാക്കളെക്കുറിച്ച് ഭാരമുള്ള യോന. ദൈവകല്പന അനുസരിച്ചു തന്നെ ശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിച്ചു. വീട്ടിൽ നിന്നും ഇറങ്ങിയപ്പോൾ കിഴക്ക് ഇറാക്കിലെ നിനവേ പട്ടണത്തിൽ പോകണം. ദൈവം ഏല്പിച്ച ശുശ്രൂഷ നിറവേറ്റണം എന്ന നല്ല ഉദ്ദേശ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. തുറമുഖത്ത് ചെന്നപ്പോൾ Great Britain (തർശീസ്) എന്ന് ബോർഡു വെച്ച ഒരു കപ്പൽ കണ്ടു. നിനവേയ്ക്ക് പോകണമോ അതോ പടിഞ്ഞാറോട്ട് പോയി ഇംഗ്ലണ്ടിൽ ചെന്ന് സുവിശേഷം അറിയിക്കണമോ എന്നുള്ള ചിന്താകുഴപ്പം മനസ്സിലുണ്ടായി. ഒടുവിൽ ദൈവകല്പനകളെ ലംഘിച്ച് ഇംഗ്ലണ്ടിലേക്ക് തന്നെപോകാം എന്ന് തീരുമാനിച്ചു. നിനവേയ്ക്ക് പോയാൽ കഷ്ടതയായിരിക്കും. പാശ്ചാത്യ നാട്ടിലേക്ക് പോയാൽ സാമ്പത്തീകമായി അല്പം നേട്ടം ഉണ്ടാകും എന്ന് തീരുമാനിച്ച യോനാ നമ്മുടെ സമസ്വഭാവക്കാരൻ തന്നെ. കപ്പലിൽ കയറി ഉറങ്ങിപ്പോയ യോനായെ ക്യാപ്റ്റൻ വിളിച്ചുണർത്തി ചോദ്യം ചെയ്തപ്പോൾ ഞാൻ ഒരു എബ്രായൻ. കടലും കരയും ഉണ്ടാക്കിയ സ്വർഗ്ഗീയ ദൈവമായ യഹോവയുടെ ശുശ്രൂഷകൻ എന്ന് സുന്ദരമായ അനുഭവ സാക്ഷ്യം പറയുന്ന യോനാ നമ്മുടെ സ്വഭാവക്കാരൻ തന്നെയാണ്. നമ്മുടെ സാക്ഷ്യം പാശ്ചാത്യ രാജ്യത്തും, കിഴക്കൻ രാജ്യത്തും ഒരുപോലെ പറയുവാൻ യോനയെപ്പോലെ നാമും തയ്യാറാണ്.

യോനയുടെ പാശ്ചാത്യമോഹം കാരണം കഷ്ടത്തിലായത് കപ്പലിലെ ശേഷം ആളുകളാണ്. അവരുടെ സാധനങ്ങൾ മുഴുവൻ കടലിൽ വലിച്ചെറിയപ്പെട്ടു. ജീവന് ഭീഷണി നേരിട്ടു. പാവം മത്സ്യവും ഒരുപാട് കഷ്ടപ്പെട്ടു. വഴി മദ്ധ്യേ അറ്റ്ലാന്റിക് സമുദ്രത്തിൽ യോനാ വീണുവെങ്കിൽ മത്സ്യം കുറഞ്ഞത് 5000 മൈൽ എങ്കിലും മൂന്നു ദിവസം കൊണ്ട് സഞ്ചരിച്ചിരിക്കണം. അതായത് മണിക്കൂറിൽ 65 മൈൽ സ്പീഡിൽ ഭക്ഷണം പോലും കഴിക്കാതെ ആഫ്രിക്കയുടെ പടിഞ്ഞാറെ തീരും ചുറ്റി തെക്കോട്ട് ഗുഡ് ഹോപ്പ് മുനമ്പ് ചുറ്റി ഇന്ത്യൻ മഹാസമുദ്രത്തിൽ കടന്ന് ആഫ്രിക്കയുടെ കിഴക്കേ തീരം ചുറ്റി വടക്കോട്ട് ഓടി ചെങ്കടൽ കടന്ന് യോനായെ നിനവേയിലെ കടലോരത്ത് ചർദ്ദിച്ചു. അന്ന് സൂയസ് കനാൽ ഇല്ലാതിരുന്നതിനാലാണ് മത്സ്യത്തിന് ഇത്രയും ദൂരം ഓടേണ്ടിവന്നത്.

യോനായോട് ദൈവം ക്ഷമിച്ചു. വീണ്ടും ശുശ്രൂഷ ആരംഭിച്ചു. ദൂതു കേട്ട ജനം രക്ഷിക്കപ്പെട്ടു. എന്നാൽ യോനായുടെ പ്രതികരണം വിചിത്രമായിരുന്നു. താൻ പ്രസംഗിച്ചതു പോലെ കാര്യം അതേപടി നടക്കണം. ഒരു ലക്ഷത്തിഇരുപതിനായിരം പേർ നശിച്ചു പോകുന്നതിൽ യോനായ്ക്ക് യാതൊരു വിഷമവും ഇല്ല, മറിച്ച് താൻ പറഞ്ഞ കാര്യം നടക്കാത്തതിലുള്ള ദേഷ്യം യോനായെ അലട്ടി.

ആ രാജ്യം മുഴുവൻ നശിപ്പിക്കുവാൻ ആയിരുന്നുവെങ്കിൽ എന്തിന് യോനായെ ആ സ്ഥലത്തേക്ക് വീണ്ടും വിട്ട് പ്രസംഗിപ്പിച്ചു എന്ന് യോനാ ചിന്തിച്ചില്ല. മറിച്ച് താൻ വലിയവനാകുവാൻ ലഭിച്ച അവസരം നഷ്ടപ്പെട്ടത് യോനായെ വേദനിപ്പിച്ചു.

ഉദ്ദേശിച്ചകാര്യം നടക്കാതെ വരുമ്പോൾ, ലഭിക്കുമെന്ന് ചിന്തിച്ച് സ്ഥാനങ്ങൾ ലഭിക്കാതെ വരുമ്പോൾ പലരും ഇതേ സ്വഭാവം തന്നെ പുറത്തെടുക്കും. നമ്മുടെ ചുറ്റും നശിച്ചുപോകുന്ന അനേകായിരം ജീവനെക്കാൾ നമ്മുടെ നേട്ടത്തിന് പ്രാധാന്യം നല്കുന്നവർ യോനായുടെ പുതിയ പതിപ്പുകൾ തന്നെ.

എന്നാൽ നറുക്ക് വീണപ്പോൾ ഞാൻ തെറ്റുകാരൻ എന്നെ കടലിൽ എറിയുക എന്ന് ധൈര്യത്തോട് കുറ്റബോധത്തോട് പറയുന്ന യോനാ ഇന്ന് നമുക്ക് ചുറ്റും അന്യമാണ്. ശൗൽ ചെയ്തതിനേക്കാൾ പതിമടങ്ങ് പാപം ചെയ്ത ദാവീദ് ദൈവസന്നിധിയിൽ നീതിമാനായിത്തീർന്നു. ശൗലോ പാപങ്ങളിൽ തന്നെ മരിച്ചും പാപം ബോധമായപ്പോൾ അതിനെ മൂടിവെയ്ക്കാതെ ഏറ്റുപറയുകയും മനോഹരമായ സങ്കീർത്തനമെഴുതി തിരുവചനത്തോട് ചേർക്കുകയായിരുന്നു ദാവീദ് ചെയ്തത്. ദാവീദിനെയും, യോനായെയും പോലെ സ്വന്തം തെറ്റ് ഏറ്റുപറയുവാൻ സ്വന്തം തെറ്റ് സമ്മതിക്കുവാനുള്ള മനസ്സാണ് നമുക്ക് നഷ്ടമായിരിക്കുന്നത്. പാപം ചെയ്യുവാൻ ധൈര്യം ഉണ്ടെങ്കിൽ ഏറ്റുപറയുവാനും ധൈര്യം ഉണ്ടാകണം. യോനാ നമുക്ക് സമസ്വഭാവമുള്ള മനുഷ്യൻ തന്നെ. എന്നാൽ യോനായെപ്പോലെ ദൈവശബ്ദത്തിന് നാം ചെവി കൊടുക്കുന്നില്ല.

## സ്നേഹദൂതൻ



ഫ്രാൻസിസ് എ. തോട്ടത്തിൽ
214 606 2210
francisambroselmm@gmail.com

അന്നൊരിക്കൽ നടന്നുപോന്ന പാതയിൽ
മലയിറങ്ങി വരുമായിരുന്നൊരു വൃദ്ധൻ ദിനവും
വെളുത്ത ജുബ്ബയും നീണ്ട വെൺതാടിയും
വലംകൈയിലൊരു ഊന്നുവടിയുമായ്,
ഇടംകയ്യിലൊരു ബൈബിളുമേന്തി.
മുഷിഞ്ഞൊരു തുണിസഞ്ചി ഇടംതോളിലും
'സ്തോത്രം കാണാം, കർത്താവനുഗ്രഹിക്കട്ടെ;
എന്നുചൊല്ലി, കൈപിടിച്ചുമ്മവച്ചും
തട്ടിത്തലോടിയും പോന്നിരുന്നാ സ്നേഹിതൻ
കാത്തിരുന്ന ജോലിക്കൊരു കത്തുകിട്ടി
ഒരു സന്ധ്യയിൽ രാത്രി വണ്ടിക്കായ് നടക്കവെ,
പാതയോരം കിടക്കുന്നു, 'പുണ്യ പുസ്തകം',
അരികിലാവടിയും തുച്ഛമാം തുണിസഞ്ചിയും
കണ്ടു വിരണ്ടു വിറ പൂണ്ടു വിളിച്ച മാത്രയിൽ
തൊണ്ട വരണ്ടു കണ്ഠം നിലച്ചുപോയ്...
പലരുമാവഴി വന്നു; ചുംബനമേറ്റു വാങ്ങിയോർ
ആരെടുക്കും? എവിടേക്കെടുക്കുമീ... ജഡം
കൈകൊടുത്തു ചിരിച്ചു പോന്നവർ, ഹാ! കഷ്ടം!
കൈവിട്ടു സഹതപിച്ചു വേഗം നടക്കവേ,
സ്നേഹം മരവിച്ചു കണ്ണടച്ചു തപസ്സിലാണ്ടു പോയ്...
'സ്നേഹിതൻ' നിശ്ചലനായ്, വരണ്ടനീർച്ചാലുപോൽ


# PATMOS PRAYER TOWER INDIA



Pr. Jacob C John
(New Delhi)
Director North India
Patmos Ministries INDIA

**PATMOS PRAYER DAY (Every Fourth Monday)**
Patmos Ministries ന്റെ ഇന്ത്യയിലെ എല്ലാ CHURCHകളിലും Prayer Tower കളിലും എല്ലാ Fourth Mondayകളിൽ പ്രാർത്ഥനാ യോഗങ്ങൾ നടത്തുന്നു.
**യേശുക്രിസ്തുവിന്റെ നാമത്തിൽ ഏവരേയും ക്ഷണിക്കുന്നു.**



Pr. George Philip
(Raju Bhai,Gujarat)
Mission Director
Patmos Ministries INDIA

## VISION

- സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ പരിശുദ്ധൻ പരിശുദ്ധൻ എന്ന് ദൈവദൂതൻമാർ സ്വർഗ്ഗീയ സിംഹാസനത്തിലിരിക്കുന്ന കർത്താവിനെനോക്കി പറയുന്നതുപോലെ ഭൂമിയിൽ ദൈവത്തെ സ്തുതിച്ചുകൊണ്ടിരിക്കുകയും സർവ്വഭൂമിയും ദൈവത്തിന്റെ മഹത്വം കൊണ്ട് നിറഞ്ഞിരിക്കുന്നുവെന്ന് വിശ്വാസയളവിൽ സംസാരിക്കുകയും ചെയ്യുക (യെശ.6:3)
- വെള്ള നിലയങ്കി ധരിച്ച ഒരു വലിയ സംഘം ദൈവസിംഹാസനത്തിന്റെ മുമ്പിൽ രാപ്പകൽ കർത്താവിനെ ആരാധിക്കുന്നതുപോലെ രാവും പകലും ദൈവസന്നിധിയിൽ ആരാധിച്ചിരിക്കുക (Revelation 7:15)
- ദൈവീക ഉണർവ്വിനായി, ദൈവരാജ്യ വ്യാപ്തിക്കായി വടക്കേ ഇന്ത്യയിലെ മിഷൻ പ്രവർത്തനങ്ങൾക്കായി മിഷൻ നേതൃത്വങ്ങൾക്കായി കേരളത്തിലെ ഉണർവ്വിനായി രാപകൽ ദൈവത്തോട് പ്രാർത്ഥിക്കുക (Isiah 60:11)
- ദൈവരാജ്യത്തിനായി നിൽക്കുന്ന ജനത്തെ കർത്താവിന്റെ വരവിനായി ഒരുക്കുക.
- ദൈവജനത്തിനുവേണ്ടിയും രക്ഷിക്കപ്പെടാത്ത ജനത്തിനുവേണ്ടിയും രാവും പകലും ദൈവത്തോട് പ്രാർത്ഥിക്കുക (Luke 18:7)
- പരിശുദ്ധവചനത്തിലും പരിശുദ്ധാത്മ വെളിപ്പാടുകളിലും ദൈവശക്തിയിലും ജനത്തെ ഒരുക്കിയെടുക്കുക
- ജീവനും ചൈതന്യവും മൂർച്ചയും പരിശുദ്ധ കൃപാവരങ്ങളും ദൈവത്തിൽ നിന്നും പ്രാപിക്കുക (Hebrew 4:12)
- ജയകരമായ ഒരു അഭിക്ഷിക്ത ശുശ്രൂഷ്യ്ക്ക് ശുശ്രൂഷകരെ ശക്തീകരിക്കുക.
- ഒരു സംരക്ഷണ ഭിത്തിപോലെ (PROTECED WALL) ദൈവീക അഭിക്ഷിതകർക്കും ദൈവജനത്തിനുവേണ്ടി നിൽക്കുക

## പ്രവർത്തനങ്ങൾ

- ഇന്ത്യയിലെ ഗുജറാത്ത്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ, പഞ്ചാബ്, ഡൽഹി, മഹാരാഷ്ട്രാ, ഹരിയാന , ഒറീസ, ചത്തീസ്ഖഡ്, കർണ്ണാടക, കേരളം തുടങ്ങിയ 15 സംസ്ഥാനങ്ങളിലും നേപ്പാളിലും , ബർമ്മയിലും ഉള്ള വിവിധ പട്ടണങ്ങളിൽ എല്ലാദിവസങ്ങളിലും പ്രാർത്ഥന നടത്തുന്നു. ഇന്ത്യാ രാജ്യത്തിന്റെ ഉണർവിനായും അയൽ രാജ്യങ്ങളുടെയും സുവിശേഷീകരണത്തിനായും ദൈവീക അഭിക്ഷിക്തരുടെ സംരക്ഷണത്തിനായും മിനിസ്ട്രി സപ്പോർട്ടേഴ്സിന്റെ അനുഗ്രഹത്തിനായും ജനത്തിന്റെ വിടുതലിനായും പ്രാർത്ഥനകൾ നടത്തുന്നു.
- മുഴുരാത്രി പ്രാർത്ഥനകൾ എല്ലാ പട്ടണങ്ങളിലും നടത്തുന്നു.
- Seven Hours Continues Prayer വിവിധ പട്ടണങ്ങളിൽ സംഘടിപ്പിക്കുന്നു.
- വിവിധ പട്ടണങ്ങളെ ചുറ്റിയും ജില്ലകളിലൂടെ സംസ്ഥാനങ്ങളിലൂടെ വാഹനങ്ങളിൽ സഞ്ചരിച്ച് ആത്മീയ ഉണർവ്വിനായി PRAYER JOURNEY നടത്തുന്നു.
- വിവിധ സഭകളുടെ സഹകരണത്തോടെ POWER CONFERENCE CAMP കൾ അതാതു സഭകളിൽ അതാത് പട്ടണങ്ങളിൽ നടത്തുന്നു.
- Patmos Prayer Day യുടെ ഭാഗമായി എല്ലാ Fourth Mondayകളിലും Mission Leaders നായി Workers നായി പ്രാർത്ഥനകളിൽ പങ്കെടുക്കുന്ന ജനത്തിനായി പ്രാർത്ഥിക്കുന്നു.
- കുടുംബങ്ങൾ, സഭകൾ, ആവശ്യപ്പെടുന്നതനുസരിച്ച് ദൈവീക സൗഖ്യവും വിടുതലും അനുഗ്രഹവും വെളിപ്പെടുവാൻ വേണ്ടി പ്രാർത്ഥന യോഗങ്ങൾ നടത്തുന്നു.
- എല്ലാ പട്ടണങ്ങളിലും Christian Music Festival സംഘടിപ്പിക്കുന്നു.

**PATMOS PRAYER TEAM**
പ്രാർത്ഥനകൾക്ക് നേതൃത്വംനൽകുന്നു

Mobile : 00919744585606
E-mail:patmosprayertowerindia@gmail.com



# പ്രവാസികളായ ഇന്ത്യയിൽ നിന്നുള്ള യൗവ്വനക്കാർ അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ



റവ. പൊടിയൻ തോമസ്

അമേരിക്കയിൽ പ്രവാസി യൗവനക്കാരായി കടന്നു വന്നിട്ടുള്ള ക്രിസ്തീയ വിശ്വാസികൾ പല തരത്തിലുള്ള വെല്ലുവിളികൾ നേരിടേണ്ടതുണ്ട്. യാഥാസ്ഥിതികമായ ഒരു ജീവിതശൈലിയിൽ നിന്നും ഉദാരമതികളായ വ്യക്തികളുടെ ഒരു സമൂഹത്തിലേയ്ക്ക് വരുമ്പോൾ വളരെ വ്യത്യസ്തമായ ഒരു അനുഭവത്തിലേയ്ക്കാണ് നമ്മുടെ യൗവനക്കാർ കടന്നുവരുന്നത്. സ്കൂൾ ജീവിതത്തിലേയ്ക്ക് അവർ കടക്കുമ്പോൾ ദൈവത്തിന്റെ നാമം എടുത്ത, യേശു എന്നുള്ള നാമം തന്നെ തട്ടി മാറ്റുന്ന അധ്യാപകരെയും, ജീവിതം എന്നു പറയുന്നത് ടൈം പ്ലസ് മാറ്റർ പ്ലസ് ചാൻസ് (സമയം, വസ്തു, അവസരം) എന്നിവയുടെ ഒരു ആകത്തുകയാണ് എന്നൊക്കെ പഠിപ്പിക്കുന്ന അധ്യാപകരെയും ആണ് കൂടുതലായി കാണുന്നത്. ജീവിതത്തിന് ഒരു അർത്ഥമോ, ഉദ്ദേശ്യമോ ഉള്ളതായി പറയാതെ നാം ഈ കാണുന്നതിൽ അപ്പുറത്തേക്ക് ഒന്നും എന്നു പറയുന്നവരാണ് ഇത്തരം അധ്യാപകർ, പ്രത്യേകിച്ചും ഫിസിക്സ് പഠിപ്പിക്കുന്ന അധ്യാപകർ. കല പഠിപ്പിക്കുന്ന അധ്യാപകർ പഠിപ്പിക്കുമ്പോൾ പറയും ഒരു വസ്തുവിന്റെ സൗന്ദര്യം അഥവാ മനോഹാരിത എന്നും പറയുന്നത് അതിനെ എങ്ങനെ വീക്ഷിക്കുന്നുവോ അതിനനുസരിച്ചുള്ള ഒന്നാണ് എന്നു പറഞ്ഞാൽ ആത്യന്തികമായി ഒരു വസ്തുവിനെക്കുറിച്ച് മനോഹരം എന്നു പറയുവാൻ സാധിക്കുകയില്ല; എന്നാണതിന്റെ അർത്ഥം. അതുപോലെ തന്നെ ഭാഷാ അധ്യാപകർ പഠിപ്പിക്കുമ്പോൾ പറയും നാം ഉപയോഗിക്കുന്ന വാക്കുകൾക്ക് ആത്യന്തികമായുള്ള, കൃത്യമായുള്ള ഒരു അർത്ഥം ഇല്ല എന്നൊക്കെ പറയും. വ്യാഖ്യാനങ്ങളുടെയും മറ്റു സാഹചര്യങ്ങളുടെയും വെളിച്ചത്തിൽ അനുമാനിച്ചെടുക്കുന്നതാണ് വാക്കുകളുടെ അർത്ഥം എന്ന ഒരു കൂട്ടർ പഠിപ്പിക്കുന്നു. ഇപ്രകാരം ഉള്ള അധ്യാപകരും മതേതരത്വത്തിന്റെ പേരിലുള്ള ഉദാരചിന്താഗതികളും നിറഞ്ഞ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ചെന്നു പെട്ടു കഴിയുമ്പോൾ അവരുടെ പഠനം കഴിഞ്ഞ് വെളിയിൽ വരുമ്പോഴേക്കും എന്താണ് യഥാർത്ഥ സത്യം എന്താണ് യഥാർത്ഥ ക്രിസ്തീയത പഠിപ്പിക്കുന്നത് എന്നൊക്കെയുള്ള കാര്യങ്ങളിൽ ഒരു ആശയക്കുഴപ്പത്തോടു കൂടി ആയിരിക്കും അവർ പുറത്തു വരുന്നത്. ക്രിസ്തീയ വിശ്വാസം മറ്റുള്ള വിശ്വാസാചാരങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കുന്നു എന്നുള്ള ഒരു ആശയക്കുഴപ്പം ഇവിടെ വരുന്ന തലമുറയിൽ ഉണ്ടായി വരാറുണ്ട്.

ആദ്യകാലങ്ങളിൽ അമേരിക്കയിലും ഇന്ത്യയിലും ഒക്കെ ഉണ്ടായിരുന്ന ഉന്നത നിലവാരം പുലർത്തിയിരുന്ന സ്കൂൾ ഒക്കെ ദൈവവചനത്തിൽ നിന്നും ഉത്തേജനം പ്രാപിച്ചവർ ദേവാലയങ്ങളോടു ചേർന്നു നടത്തിയിരുന്ന സ്കൂൾ ആയിരുന്നു എന്നു ചരിത്രത്തിലൂടെ നമുക്കു മനസ്സിലാകുന്നുണ്ട്. എന്നാൽ ഈ കാലങ്ങളിൽ പ്രാർത്ഥനാ കൂട്ടങ്ങളോ, ക്രിസ്ത്യാനിത്വത്തെപ്പറ്റിയുള്ള പഠനങ്ങളോ പ്രോൽസാഹിപ്പിക്കപ്പെടുന്നില്ല; അതേ സമയം വിവിധ സാംസ്കാരിക കൂട്ടായ്മകൾ അനുവദിക്കപ്പെടുകയും ചെയ്യുന്നു. ക്രിസ്തുമസ് സീസൺ എന്നുള്ളതിന് ഹോളിഡേ സീസൺ എന്നു നാമകരണം ചെയ്യപ്പെടുന്നു. യേശുവിന്റെ നാമം വിശുദ്ധമായ രീതിയിൽ പ്രാർത്ഥനകളിൽ നിന്നും ഗാനങ്ങളിൽ നിന്നും ഒഴിവാക്കപ്പെടുന്നു. ഇതൊക്കെയും നമ്മുടെ കൺമുമ്പിൽ തന്നെ നടക്കുകയും നമ്മുടെ തലമുറകൾ ചിന്താകുഴപ്പത്തിൽ അകപ്പെടുകയും ചെയ്യുന്നു. ഇപ്രകാരം ഉള്ള ഒരു കാലഘട്ടത്തിൽ നാം നമ്മെ തന്നെ നമ്മുടെ തലമുറകളുടെ മുമ്പിൽ മാതൃക ഉള്ളവരായി ഒരുക്കി എടുക്കണം. സ്വഭാവം നന്നാക്കണം എന്നു പ്രസംഗിക്കുകയും നമ്മുടെ സ്വഭാവം നന്നാകാതിരിക്കുകയും ചെയ്യുന്ന രീതി ഒരിക്കലും നമ്മളിൽ ഉണ്ടാകരുത്. സാമ്പത്തിക അച്ചടക്കം കുഞ്ഞുങ്ങളെ പഠിപ്പിക്കുകയും അതേ സമയം നാം കടഭാരത്തിൽ മുങ്ങിപ്പോകുന്ന അനുഭവം ഉണ്ടാകരുത്. ദൈവവചനം നമ്മുടെ ജീവിതത്തിൽ അലിഞ്ഞു ചേരട്ടെ. നമ്മുടെ യൗവ്വനക്കാർ പഠിക്കുന്ന വചനങ്ങൾ അവരുടെ ജീവിതത്തിൽ പ്രാവർത്തികമാക്കുവാൻ ഇടയാകട്ടെ. ദൈവചനം പ്രസംഗിക്കാനുള്ള ഒരു വിഷയം എന്നതിനെക്കാൾ ഉപരി ജീവിതത്തിൽ നിറവേറ്റികൊണ്ട് ജീവിപ്പാനുള്ള ഒന്നായിത്തീരട്ടെ. ആവർത്തനം 4:5–7 വരെയുള്ള വാക്യങ്ങളിൽ കാണുന്നതുപോലെ ദൈവത്തിന്റെ കല്പനകളും പ്രമാണങ്ങളും നമ്മുടെ ഉള്ളിൽ ഇരിക്കുന്നതിലൂടെ വിശേഷതയുള്ള ഒരു ജനമായി നാം തീരട്ടെ. ദൈവം അടുത്തു വസിക്കുന്ന ഒരു മഹനീയ ജാതി ആയി നമുക്കു തീരാം.

# മലയാളത്തിലെ മികച്ച കൃതിക്കും സംഗീതത്തിനും എക്സ്പ്രസ് ഹെറാൾഡ് അവാർഡ്



മികച്ച കൃതിക്കുള്ള അവാർഡ് സണ്ണി മാളിയേക്കൽ ഏറ്റുവാങ്ങുന്നു



മികച്ച സംഗീതത്തിനുള്ള അവാർഡ് ഷൈനി ഈശോ ഏറ്റുവാങ്ങുന്നു.


















# ഐഎപിസി ഡാളസ് ചാപ്റ്റർ

*4–ാം പേജ് തുടർച്ച*

ലക്ഷൻ കമ്മീഷണർ ആയിരുന്നു.

ട്രഷറർ ആയി തിരഞ്ഞെടുക്കപ്പെട്ട വിത്സൺ തരകൻ, ബാങ്ക് ഓഫ് അമേരിക്കയുടെ ഓപ്പറേഷൻ ടീം മാനേജർ ആണ്. ട്രൂ മാക്സ് മീഡിയയുടെ ഡയറക്ടർ, ഫ്ളവേഴ്സ് ടീവിയുടെ അമേരിക്കൻ റീജണൽ മാനേജർ, കേരളാ പെന്തക്കോസ്റ്റൽ റൈറ്റേഴ്സ് ഫോറം ജോയിന്റ് സെക്രട്ടറി എന്നീ നിലകളിൽ വിവിധ മാധ്യമരംഗങ്ങളിൽ തന്റെ മികവും പാടവവും തെളിയിച്ചു കൊണ്ടിരിക്കുന്ന സജീവഅംഗം കൂടിയാണ്. ചാപ്റ്റർ അഡ് വൈസറി അംഗം പി.സി. മാത്യു വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ സാമൂഹ്യ പ്രവർത്തനങ്ങളുടെ മുൻനിരയിൽ എത്തിയ സജീവ അംഗമാണ്. എം.ജി യൂണിവേഴ്സിറ്റിയുടെ മുൻ സെനറ്റ് മെമ്പർ, ബഹറിൻ ഇന്ത്യൻ സ്കൂൾ ബോർഡ് മെമ്പർ എന്നീ നിലയിൽ പ്രവർത്തിച്ച ഇദ്ദേഹം ഡാളസിലെ ഇർവിങ് എമറാൾഡ് വാലി ഹോം ഓണേഴ്സ് അസോസിയേഷന്റെ തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് കൂടിയാണ്. അനുപമ വെങ്കിടേഷ് അറിയപ്പെടുന്ന മാധ്യമ പ്രവർത്തകയും ഗ്ലോബൽ റിപ്പോർട്ടർ ടി.വി യുടെ ന്യൂസ് ഹെഡ്ഡുമാണ്. ഡാളസ്സിലെ സാമൂഹ്യ മാധ്യമരംഗങ്ങളിൽ നിറസാന്നിധ്യം പകരുന്ന പൊഫ. ജോയി പല്ലാട്ടുമഠം ഐ. എ. പി. സിയുടെ ഡാളസ് ചാപ്റ്ററിന്റെ സജീവ അംഗം കൂടിയാണ്.


പ്രസ് ക്ലബ്ബിന്റെ ആരംഭം മുതൽ ഡാളസ്സിൽ സജീവമായി നിലകൊള്ളുന്ന ഏലിക്കുട്ടി ഫ്രാൻസിസ് 1972 മുതൽ ഡാളസ്സിലെ സാമൂഹ്യപ്രവർത്തനങ്ങളിൽ വ്യാപൃതയായിരുന്നു. ഇന്ത്യൻ അമേരിക്കൻ നേഴ്സസ് അസോസിയേഷന്റെ സ്ഥാപക പ്രസിഡന്റ് കൂടിയാണ്.

അഡ്വൈസറി അംഗമായ ഫ്രിക്സ്മോൻ മൈക്കിൾ 1995ലെ ഇന്ത്യൻ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ബിസിനസ് മാനേജുമെന്റ് ബിരുദധാരിയും ടെക്സാസിലെ അവന്റ് ഫിനാൻഷ്യൽ ഗ്രൂപ്പിന്റെ സ്ഥാപകനും, സി. ഇ. ഒയുമാണ്. കൂടാതെ വേൾഡ് മലയാളി കൗൺസിലിന്റെ ഗ്ലോബൽ ബിസിനസ് ഫോറം സെക്രട്ടറിയുമാണ്.

ഡാളസ് ചാപ്റ്ററിന്റെ പുതിയ നേതൃത്വനിരയെ ഐപിസി ഡയറക്ടർ ബോർഡ് ചെയർമാൻ ഡോ. ബാബു സ്റ്റീഫൻ, വൈസ് ചെയർപേഴ്സൺ വിനീത നായർ, ബോർഡ് സെക്രട്ടറി ഡോ. മാത്യു ജോയിസ്, പ്രസിഡന്റ് റെനി മെഹ്റാ, ജനറൽ സെക്രട്ടറി തോമസ് മാത്യു , ഹൂസ്റ്റൺ ചാപ്റ്റർ പ്രസിഡന്റ് ജെയിംസ് കൂടൽ തുടങ്ങിയവർ അനുമോദിച്ചു ആശംസകൾ നേർന്നു.

# വിവാഹേതര ബന്ധം ക്രിസ്തീയ വീക്ഷണത്തിൽ





ഡോ. മാത്യുജോയിസ്,
ഒഹായോ

‘മോഷ്ടിച്ച ആഹാരം മധുരതരം’ എന്ന് ബൈബിളിൽ സദൃശ്യവാക്യം 20:17 ൽ പറഞ്ഞിരിക്കുന്നത് വളരെ ഹൃദ്യമായി തോന്നിയേക്കാം. എന്നാൽ അതിനോട് ചേർത്തു പറഞ്ഞിരിക്കുന്നതോ ‘പിന്നീട് അവന്റെ വായിൽ ചരൽ നിറയും‘എന്നാകുന്നു.

ലൈംഗിക അതിപ്രസരങ്ങളുടെ യുഗത്തിലാണ് നാം ജീവിക്കുന്നത്. കഴിഞ്ഞ ഒന്നോ രണ്ടോ ദശാംബ്ദങ്ങൾക്കു മുമ്പുവരെ മനുഷ്യൻ ഭാര്യാഭർതൃബന്ധങ്ങൾക്ക് മാന്യമായ പരിപാവനത്വവും പരിശുദ്ധിയും കല്പിച്ചിരുന്നു. ആദ്യകാലംമുതലെ മനുഷ്യനിൽ ലൈംഗികതൃഷ്ണയും ആസക്തികളും ഉണ്ടായിരുന്നുവെന്നത് ബൈബിളിൽത്തന്നെ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അതിരുവിട്ട ബന്ധങ്ങളും അച്ചടക്കമില്ലായ്മയും അശ്ലീലതയും വർദ്ധിച്ചുവരുന്ന കാലത്തുതന്നെ യഹോവയായ ദൈവം, മനുഷ്യന് തന്റെ സ്വന്തം കൈവിരലുകളാൽ ശിലാലിഖിതമായ പത്തുകല്പനകൾ നൽകി. അതനുസരിച്ച് ജീവിക്കാൻ പ്രേരിപ്പിച്ചു. ആ പ്രമാണങ്ങൾ മനുഷ്യന്റെ സമാധാനപരവും സന്തുഷ്ഠവുമായ നിലനില്പിന്റെ ആധാരം തന്നെയാണ്. പല രാജ്യങ്ങളിലെയും ഭരണ ഘടനകളും ക്രിസ്തീയതത്വശാസ്ത്രങ്ങളിൽ അടിസ്ഥാനപ്പെടുത്തിയായിരുന്നതിനാൽ വ്യക്തിബന്ധങ്ങൾക്കും, കുടുംബഭദ്രതയയും, സാമൂഹ്യനീതിയ്ക്കും പരസ്പരവിശ്വാസങ്ങൾക്കും ആരാജ്യങ്ങളിൽ കെട്ടുറപ്പുണ്ടായിരുന്നു. പ്രത്യേകിച്ചും കോമൺവെൽത്തു രാജ്യങ്ങളിൽ ബ്രിട്ടീഷ് മേധാവിത്വവും , മിഷനറിമാരുടെ പ്രവർത്തനവും ക്രിസ്ത്യൻ ആദർശങ്ങൾക്ക് ആദരവും സമ്മതിയും നല്കിയിരുന്നതായി ചരിത്രം വെളിപ്പെടുത്തുന്നു.

എന്നാൽ ശാസ്ത്രസാങ്കേതിക വിപ്ലവത്തോടെ മനുഷ്യന് അന്യോന്യം സംവേദിക്കാനും, സ്വതന്ത്രമായും രഹസ്യമായും ഇടപെടുന്നതിനും നിരവധി സ്രോതസ്സുകൾ പ്രചാരത്തിലായി. ഉദാഹരണമായി ഇന്റർനെറ്റും സ്മാർട്ട് ഫോണുകളും മനുഷ്യന്റെ സ്വഭാവരീതികൾ തന്നെ മാറ്റിമറിച്ചു. ആരെയും ഏതു സമയവും രഹസ്യമായി ബന്ധപ്പെടാനും രഹസ്യങ്ങൾ തുറന്നുകാട്ടാനും ആർക്കും സാധിക്കുമെന്നായി. അതോടൊപ്പം അടങ്ങിയൊതുങ്ങി കുടുംബന്ധങ്ങളിൽ മാത്രം ഒതുങ്ങി നിന്നവർ പുതിയ മേച്ചിൽ സ്ഥലങ്ങൾ കണ്ടെത്തി. പുരുഷനും സ്ത്രീക്കും ആഗ്രഹം തോന്നിയാൽ ഏതു ബന്ധത്തിനും മുതിരാമെന്ന ചിന്താഗതിയിലേയ്ക്ക് മനസിനെ വിശാലമാക്കി. പുരുഷന് അന്യസ്ത്രീകളുമായി ബന്ധപ്പെടാമെങ്കിൽ സ്ത്രീക്ക് എന്തു കൊണ്ട് ആയിക്കൂടാ? തുല്യതയും സമത്വും അവകാശമാക്കിയെടുക്കുമ്പോൾ, പുതുതായി കിളിർത്തുവന്ന ഫെമിനിസ്റ്റു ചിന്താഗതിക്കാർ, സ്ത്രീകളെ കൂടുതൽ സ്വതന്ത്ര്യമോഹികളാക്കി. ഭർത്താവിനെ യജമാനനായി കരുതേണ്ടതില്ലെന്നും, മറ്റൊരു പുരുഷനിൽ ആകർഷണം തോന്നിയാൽ അവനുമായി ശാരീരിക ബന്ധം പുലർത്തുന്നതിൽ തെറ്റില്ലെന്നും മറ്റുള്ളവരെ ബോദ്ധ്യമാക്കിത്തുടങ്ങി.

വിവാഹജീവിതത്തിനുള്ളിൽ നിന്നുകൊണ്ട് ആണും പെണ്ണും ലൈംഗികത ആസ്വദിക്കാൻ ബൈബിൾ നിഷ്ക്കർഷിക്കുമ്പോൾ, ഇന്നത്തെ പുരോഗമന ചിന്താഗതിക്കാർ വിശുദ്ധമായ ആറാം പ്രമാണത്തെ അടിച്ചു പൊടിയാക്കിക്കഴിഞ്ഞു. പലരാജ്യങ്ങളിലും വ്യഭിചാരം ഒരു കുറ്റകരമായ സംഭവമല്ലാതായിരിക്കുന്നു.

ഏറ്റവും ഒടുവിൽ ഇതാ ഇൻഡ്യയിൽ വിവാഹേതരലൈംഗിക ബന്ധം ക്രിമിനൽ കുറ്റമല്ലെന്ന് സുപ്രീംകോടതി, പുതുതായിവിധി പ്രസ്ഥാവിച്ചത് ഖേദകരമായി തോന്നുന്നു. മാത്രമല്ല പുരുഷൻ സ്ത്രീയുടെ അധികാരിയുമല്ല എന്നതും കൂടി അതോടൊപ്പം ചേർത്തു പ്രസ്ഥാവിച്ചിരിക്കുന്നു. വിവാഹേതരലൈംഗിക ബന്ധം ക്രിമിനൽ കുറ്റമാകുന്നുവെന്ന് ഇത്രയും കാലം മുറുകെപ്പിടിച്ചിരുന്ന 497-ാം വകുപ്പ് റദ്ദാക്കുന്ന വിധിയുമാണ് ഇതോടൊപ്പം പ്രാബല്യത്തിൽ വരുന്നതെന്ന് നാം ചിന്തിക്കണം. ഇതിൽപ്പരം ധാർമ്മകച്യുതിയും സദാചാരശോഷണവും നമുക്ക് ഇനിയും കാണേണ്ടി വരുമോ, ലജ്ജാകരം!

ഭർത്താവ് സ്ത്രീകളുടെ യജമാനൻ അല്ലെന്നും, തുല്യതയ്ക്കുള്ള അവകാശം പുനസ്ഥാപിക്കുക മാത്രമാണ് പുതിയ വിധികൊണ്ട് സാക്ഷാത്ക്കരിക്കാൻ പോകുന്നതെന്നും വെറുതെ പറയാമെന്നേയുള്ളൂ. ലൈംഗിക ബന്ധത്തിന് പുരുഷനും സ്ത്രീയ്ക്കും സ്വയം നിർണയിക്കാനും, വിവാഹേതരബന്ധങ്ങളിലേക്ക് നയിക്കപ്പെട്ടാൽ കുറ്റകരമാവുകയില്ലെന്നും വിധി പറയുമ്പോൾ 157 വർഷം പഴക്കമുള്ള നിയമം തന്നെയാണ് ഇല്ലാതായിത്തീർന്നത്.

ഇനിയിപ്പോൾ നാം ഇതുവരെ കണ്ടും വിശ്വസിച്ചുമിരുന്ന നമ്മുടെ അയല്ക്കാരോ മറ്റു പുരുഷനുമായോ, സ്ത്രീകളുമായോ ഒത്തൊരുമിച്ച് നടക്കുകയോ, കിടക്കുകയോ ചെയ്തതു കണ്ടാലും നെറ്റിചുളിക്കേണ്ട. അവരുടെ പരസ്പര സമ്മതത്തോടു കൂടിയ ജീവിത രഹസ്യങ്ങളിലേയ്ക്ക് സ്വകാര്യതയിലേക്കും ഒളിഞ്ഞു നോക്കാൻ ശ്രമിക്കുന്ന നമ്മളായിരിക്കും കുറ്റക്കാർ.

വിവാഹത്തോടെ സ്വന്തം ലൈംഗിക സ്വാതന്ത്ര്യത്തിന്മേൽ തീരുമാനം എടുക്കാനുള്ള ആണിന്റെയും പെണ്ണിന്റെയും അവകാശം ഇല്ലാതാകുന്നില്ലെന്നും വിധി വെളിവാക്കുന്നു. ഐപിസി 497-ാം വകുപ്പുപ്രകാരം, വിവാഹിതയായ സ്ത്രീക്ക് ഭർത്താവുമായിട്ട് അല്ലാതെ ലൈംഗികബന്ധത്തിൽ ഏർപ്പെട്ട് രതിസുഖം അനുഭവിക്കണമെങ്കിൽ ഭർത്താവിന്റെ അനുവാദം വേണമായിരുന്നു. അല്ലെങ്കിൽ ഭർത്താവിന് അന്യപുരുഷനെതിരേ പരാതി നല്കാനും, തദ്വാരാ പുരുഷൻ മാത്രം ശിക്ഷാർഹനാകുകയും ചെയ്യുമായിരുന്നു. ഇത് പുരുഷനോടുള്ള വിവേചനമായി കോടതി കണ്ടെത്തി.

ക്രൈസ്തവസഭയുടെയും മറ്റും അമിതമായസദാചാര താത്പര്യം സംരക്ഷിക്കാൻ വേണ്ടി പഴയകാലത്ത് ലോർഡ്മെക്കാളെ ഉണ്ടാക്കിവെച്ച നിയമങ്ങൾ കാലഹരണപെട്ടതാണെന്ന് അഞ്ചംഗ വിധി കർത്താക്കൾ വിധിയിൽ കൂട്ടിച്ചേർക്കുകയും ചെയ്തിരിക്കുന്നു. അപ്പോൾ ക്രൈസ്തവസഭയെങ്കിലും ഭാര്യഭർതൃബന്ധത്തെ പരിപാവനമായി കരുതുന്നുണ്ടായിരുന്നെന്ന കാഴ്ചപ്പാടെങ്കിലും ഇത്രയും നാൾ നമ്മുടെ ഇൻഡ്യയിൽ ഉണ്ടായിരുന്നല്ലോ. ഭാരതീയ സംസ്ക്കാരത്തിൽ നിലനിന്നിരുന്ന ഭാര്യഭർതൃബന്ധത്തിൽ വെള്ളം ചേർക്കുന്ന ഇത്തരം ഹർജികളും വിധികളും സാമൂഹ്യഭദ്രതയ്ക്ക് ഇളക്കം വരുത്തുമെന്നതിൽ സംശയമില്ല.

സ്വന്തം ഇണയിൽ താല്പര്യം കുറയുന്നതും, മറ്റുള്ളവർ എന്തും നല്കാൻ തയ്യാറാവുന്ന സ്ഥിതി വിശേഷമുള്ളപ്പോൾ, സുഖം തേടാൻ മനുഷ്യനുള്ള സഹജവാസന അപാരമാണ്. അതും വളരെ പുതുമയോടെ ആസ്വദിക്കുന്നത് രസകരമാകുന്നു. രണ്ടു വർഷം മുമ്പ് പുതുമണവാട്ടി ഭർത്താവിനോടൊപ്പം ഒരേകിടക്കയിൽ കിടന്നുകൊണ്ട് കാമുകനുമായി ചാറ്റു ചെയ്തതും, സഹിക്കാനാവാതെ അവളെ മൃഗീയമായി കൊലചെയ്തതും നമ്മുടെ നാട്ടിലെ ഒരു ക്രിസ്തീയ കുടുംബത്തിലായിരുന്നുവല്ലോ.

‘ഒരുവന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്നവൻ കൂട്ടുകാരന്റെ ഭാര്യയുമായി വ്യഭിചാരം ചെയ്യുന്നു. വ്യഭിചാരിയും വ്യഭിചാരിണിയും മരണശിക്ഷ അനുഭവിക്കണം‘. (ലേവ്യ. 20:10). ഈ കാണുന്ന ആകർഷണത്വവും സൗന്ദര്യവും വെറും തൊലിപ്പുറത്തെ മായകളാണെന്ന് സദൃശ്യവാക്യം 31:30 ൽ പറഞ്ഞിരിക്കുന്നു. ‘ലാവണ്യം വ്യാജവും, സൗന്ദര്യം വ്യർത്ഥവും ആകുന്നു. യഹോവ ഭക്തിയുള്ള സ്ത്രീയോ പ്രശംസിക്കപ്പെടും’.

‘ഭർത്താവ് ഭാര്യയ്ക്കും, ഭാര്യ ഭർത്താവിനും കടപ്പെട്ടിരിക്കുന്നത് ചെയ്യട്ടെ. ഭാര്യയുടെ ശരീരത്തിന്മേൽ, അവൾക്കല്ല ഭർത്താവിനാണ് അധികാരമുള്ളത്. നിങ്ങളുടെ അജിതേന്ദ്രിയത്വം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതിരിക്കേണ്ടതിന് ചേർന്നിരിക്കുവീൻ‘ (1 കൊരി. 7:3-5). ആയതിനാൽ ദൈവം നല്കിയിരിക്കുന്ന കല്പനകളും മാർഗ്ഗനിർദ്ദേശങ്ങളും മാത്രമായിരിക്കട്ടെ നമ്മുടെ ജീവിത പന്ഥാവിലെ ദീപവും വഴികാട്ടിയും. വിവാഹജീവിതം പരിപാവനമായി സൂക്ഷിക്കുവാനും, ലൈംഗികസുഖത്തിനായി മറ്റാരെയും പ്രാപിക്കാനും ഇടവരാതിരിക്കട്ടെ. എഫേസ്യർ 5:33 സ്മരണയിലിരിക്കട്ടെ ‘ക്രിസ്തു സഭയെ സ്നേഹിക്കുന്നതുപോലെ ഓരോരുത്തനും താന്താന്റെ ഭാര്യയെ തന്നെപ്പോലെ സ്നേഹിക്ക, ഭാര്യയോ ഭർത്താവിനെ ഭയപ്പെടേണ്ടതുമാകുന്നു’.

BEST COMPLIMENTS FROM
**JOHN JOSEPH & FAMILY**



**SHIRLEY,SHELBY, SHAINA**
**SUNNNYVALE, TX**

## മറക്കില്ലൊരിക്കലും ഈ ധീരവനിതയെ

*12-ാം പേജ് തുടർച്ച*

ലേക്ക് ഉയർത്തി. സാമ്പത്തിക പരിഷ്കാരങ്ങളുടെ മുന്നോടിയായുള്ള ഉദാരവത്കരണ നടപടികൾ ആരംഭിച്ചു. സോഷ്യലിസ്റ്റ് രീതിയിലുള്ള സാമൂഹികക്രമം പ്രോത്സാഹിച്ചപ്പോൾ തന്നെ 90കളിൽ നടപ്പാക്കിയ സാമ്പത്തിക മാറ്റങ്ങൾ ഉൾക്കൊള്ളാൻ സമ്പദ്വ്യവസ്ഥയ്ക്ക് അടിസ്ഥാനമിടുകയും ചെയ്തു. മോണോപൊളീസ് കമ്മീഷൻ, രാജാക്കന്മാരുടെ സവിശേഷാധികാരങ്ങൾ നിർത്തലാക്കൽ തുടങ്ങിയ നടപടികളും ശ്രദ്ധിക്കപ്പെട്ടു. നെഹ്രുവിനെപ്പോലെ ശാസ്ത്രാവബോധം ഉണ്ടായിരുന്ന ഭരണാധികാരിയായിരുന്നു ഇന്ദിരാഗാന്ധി.

**സാമൂഹികം:** സർവാശ്ലേഷിയായ സാമ്പത്തിക വളർച്ചയ്ക്കാണ് ഇന്ദിരാഗാന്ധി പ്രാമുഖ്യം നല്കിയത്. ന്യൂനപക്ഷങ്ങൾ, പട്ടികജാതി പട്ടികവർഗം, സ്ത്രീകൾ എന്നിവർക്കു വേണ്ടി പ്രത്യേക പദ്ധതികൾ നടപ്പാക്കി. ഇന്ത്യയുടെ വിഭജനം ന്യൂനപക്ഷങ്ങളുടെ മേൽ സൃഷ്ടിച്ച മുറിവുകൾ ഉണക്കാൻ പ്രത്യേകം ശ്രദ്ധിച്ചു. എല്ലാ എതിർപ്പുകളെയും മറികടന്ന് അലിഗർ മുസ്ലീം സർവകലാശാലയ്ക്ക് ന്യൂനപക്ഷ പദവി ഉറപ്പാക്കുന്ന ബിൽ അവതരിപ്പിച്ചു. വർഗീയ ലഹളകൾ നടന്നിടത്തൊക്കെ സാന്ത്വനവുമായി അവർ ഓടിയെത്തി. ഇന്ത്യ ഒരു മതേതര രാഷ്ട്രമായി നിലനിൽക്കേണ്ടതിന്റെ ആവശ്യകത രാജ്യത്തെ ബോധ്യപ്പെടുത്തി. 1976ൽ 42-ാം ഭരണഘടനാ ഭേദഗതിയിലൂടെ മതേതരത്വം എന്ന വാക്ക് ഭരണഘടനയുടെ ആമുഖത്തിൽ എഴുതിച്ചേർത്തതു മാത്രം മതി രാജ്യത്തിന് ഇന്ദിരാജിയോട് നിതാന്ത ആദരവ് നിലനിർത്താൻ.

**അന്താരാഷ്ട്ര ബന്ധങ്ങൾ:** ബംഗ്ലാദേശിന്റെ വിമോചനം വെറും രണ്ടാഴ്ചകൾക്കുള്ളിലാണു സാധ്യമായത്. ആണവ സജ്ജമായ അമേരിക്കയുടെ ഏഴാം കപ്പൽപ്പട ഇന്ത്യൻ മഹാസമുദ്രത്തേക്ക് പാക്കിസ്ഥാനു കവചവുമായി നീങ്ങിയിട്ടുപോലും ഇന്ദിര പതറിയില്ല. പാക്കിസ്ഥാൻ രണ്ടായതോടെ ഇന്ത്യയ്ക്ക് ഏറ്റവും വലിയ സുരക്ഷാഭീഷണിയാണ് ഇല്ലാതായത്. സിംല കരാർ എന്നറിയപ്പെടുന്ന ആ കരാർ വിദേശ ബന്ധങ്ങളിലെ ഏറ്റവും വലിയ നേട്ടമായി ഇന്നും നിലനില്ക്കുന്നു. സോവ്യറ്റ് യൂണിയനുമായി ഊഷ്മളമായ ബന്ധം നിലനിന്നപ്പോൾ തന്നെ അവരുടെ അഫ്ഗാൻ ഇടപെടലിനെതിരേ രംഗത്തുവന്നു. 1974ൽ ആണവ വിസ്ഫോടനം നടത്തിയെങ്കിലും ആണവ നിരായുധീകരണത്തിന്റെ ശക്തയായ വക്താവായി.

**ഇന്ദിര ഉണ്ടായിരുന്നെങ്കിൽ:** ഇന്ദിരാപ്രിയദർശിനിയെ ജനങ്ങൾ ദിനംപ്രതി സ്മരിക്കുന്ന നാളുകളാണിത്. രാജ്യത്ത് ഫാസിസ്റ്റ് ശക്തികൾ അഴിഞ്ഞാടുമ്പോൾ, വർഗീയത ഫണം വിടർത്തി ആടുമ്പോൾ, ബുദ്ധിജീവികളെയും സാംസ്കാരിക പ്രവർത്തകരെയും കൊന്നൊടുക്കുമ്പോൾ, സാമ്പത്തിക മണ്ടത്തരങ്ങൾ കാട്ടിക്കൂട്ടുമ്പോൾ, ഇന്ധനവില കത്തിക്കയറുമ്പോൾ, അതിർത്തിയിൽ ധീരജവാന്മാർ ദിനം പ്രതി വെടിയേറ്റു മരിക്കുമ്പോൾ, പൊതുമേഖലാ സ്ഥാപനങ്ങളെയും ബാങ്കുകളെയും തച്ചുടയ്ക്കുമ്പോൾ നാം ഇന്ദിരാഗാന്ധിയെ ഓർത്തു പോകുന്നു. സ്വാതന്ത്യദിന പരേഡിന് വിദേശ അതിഥിയെപോലും കിട്ടാത്ത നാണക്കേടിലേക്ക് നാം കൂപ്പുകുത്തുമ്പോൾ അറിയാതെ ഇന്ദിരാഗാന്ധിക്കുവേണ്ടി ആഗ്രഹിക്കുന്നു. അതേ ഇന്ദിരാപ്രിയദർശിനിക്കു മരണമില്ല.

# സ്നേഹമോ ദ്വേഷമോ ?



**എം.കെ. ഹരികുമാർ**

ഒരു വസ്തുവിന്റെ നേരെ കുറെ നേരം നോക്കിയിരുന്നാൽ, അതു മറ്റൊരു ലക്ഷ്യത്തോടെ നമ്മെ നോക്കുന്നതായി അനുഭവപ്പെടും. ഒരു കസേരയാണെന്നിരിക്കട്ടെ. അതിനെ അൽപം നേരം സൂക്ഷിച്ചുനോക്കിയാൽ അത് ഇരിക്കാനുള്ള വസ്തു എന്നതിനപ്പുറം അസ്തിത്വത്തെ ചോദ്യം ചെയ്യുകയോ നമ്മളുമായി സ്നേഹദ്വേഷരഹിതമായ ബന്ധത്തിലെ ഒരു കണ്ണിയാവുകയോ ചെയ്യും. കസേര ഒരു ഉല്പന്നമല്ലാതാവുകയും അത് സംവാദാത്മകമായ സമസ്യയാകുകയും ചെയ്യും. എന്താണ് അതിന്റെ പൊരുൾ? അത് നോക്കുന്നയാളെ വിചാരണചെയ്യാൻ തുടങ്ങും. അത് ഇരിക്കാനുള്ളതാണല്ലോ എന്നു വിചാരിച്ചപ്പോൾ അതിനോട് ഒരു ബന്ധം തോന്നിയിരുന്നു. എന്നാൽ വെറുതെ നോക്കിയിരുന്നപ്പോൾ അത് ഇരിക്കാനുള്ള വസ്തു അല്ല; മറ്റെന്തിനോ വേണ്ടിയുള്ളതാണ്. അത് ഒരു അന്യഗ്രഹജീവിയാണ്. അതിന് ആരോടും വിധേയത്വമില്ല. അത് ഒരു സ്നേഹത്തെയും സ്വീകരിക്കുന്നില്ല.


കലാകാരന്റെ വസ്തുക്കൾ ഇങ്ങനെയുണ്ടാകുന്നതാണ്. അവൻ ഏതൊന്നിനെ നിരീക്ഷിച്ചാലും അതിന് അപരത്വം തെളിഞ്ഞുകിട്ടും. സന്ധ്യയെ നോക്കിയാൽ, അസ്തമനമോ രാത്രിയുടെ വരവോ അല്ല; ഒരു മാനുഷിക പ്രശ്നമായി മാറും. അത് തർക്കത്തിലൂടെയോ മനനത്തിലൂടെയോ പരിഹരിക്കാനുള്ള വിഷയമായി രൂപാന്തരപ്പെടും. സന്ധ്യ മനുഷ്യ ചിന്തയിലൂടെ തന്നെ അന്വേഷിച്ചു പോയി കണ്ടെത്തേണ്ട ദാർശനിക പ്രശ്നമായി മാറും. മനുഷ്യനുമായി യാതൊരു അടുപ്പവും കാണിക്കാത്ത സന്ധ്യ ദുർഗ്രഹമായി കാണപ്പെടുന്നു. ആ ദുരൂഹതയെ വർണങ്ങളിൽ ചാലിക്കാൻ ചിത്രകാരനും, വാക്കുകളിൽ ആവാഹിക്കാൻ കവിയും ഒരുമ്പെടുന്നു. ചിലപ്പോൾ നിറങ്ങൾക്ക് ആ യാഥാർത്ഥ്യത്തെ ഒപ്പിയെടുക്കാൻ കഴിയാതെ വരും. അപ്പോൾ നിറങ്ങൾ അവ്യക്തമായ മനസ്സിന്റെ ആസക്തിയായി വിന്യസിക്കപ്പെടുന്നു. വാക്കുകൾക്ക് പിടിച്ചെടുക്കാൻ പറ്റാത്ത ആന്തരികഭാവങ്ങൾ ആവിഷ്കരിക്കാൻ വയ്യാതാവുമ്പോൾ കവി അതിനും വാക്കുകളെതന്നെ ആശ്രയിക്കുന്നു. അതായത് കവിത ഒരു യഥാർത്ഥവസ്തുതയുടെ വെറും യഥാർത്ഥ വിവരണമാകരുത്; അത് കവിയുടെ ഉള്ളിൽ പതിഞ്ഞ ഒരു അനുഭവത്തിന്റെ വളരെ വ്യക്തിപരമായ പുറത്തുചാടലാണ്. അവിടെ രണ്ടു കാര്യങ്ങൾ സംഭവിക്കുന്നു. ഒന്ന്, അത് കവി എന്ന നിലയിലുള്ള വ്യക്തിപരമായ യാഥാർത്ഥ്യത്തിന്റെ നൂറുകൂട്ടം ചോദ്യങ്ങളിൽ നിന്നുള്ള ആവിർഭാവമാണ്. രണ്ട്, താൻ പറയാൻ ഉദ്ദേശിക്കുന്ന കാര്യത്തിന്റെ ഏകദേശ വാസ്തവികതയെപ്പറ്റിയുള്ള വിശേഷവും കലാകാരന്റെ ജ്ഞാനമാണ് രചനയിൽ നിറയുന്നത്. എത്രമാത്രം അറിവും മനനവും ഏറുന്നുവോ അത്രത്തോളം കല ജ്ഞാന പൂർണമാകുന്നു. പ്രസിദ്ധ സറിയലിസ്റ്റ് ചിത്രകാരനായിരുന്ന സാൽവദോർ ദാലി പറഞ്ഞത്, ഒരു വസ്തുവിനെ ഒന്നു നോക്കിയിട്ട് കണ്ണടച്ചിരുന്നശേഷം വീണ്ടും നോക്കിയാൽ മറ്റൊരു ലോകം നമ്മുടെ മനസ്സിൽ ഉണ്ടാകുമെന്നാണ്. കാണുന്നു എന്നു തോന്നുമ്പോൾ കണ്ണുകളടയ്ക്കുക. പിന്നെ മറ്റവിടേയ്ക്കെങ്കിലും കണ്ണുകളെ അയക്കുക. അതിനുശേഷം ആദ്യം കണ്ട വസ്തുവിനെ മനസ്സിൽ കാണാൻ ശ്രമിക്കുക. അതിനെ ശരിക്കും കണ്ടതിൽ നിന്നും വ്യത്യസ്തമായിരിക്കും മനസ്സിലെ കാഴ്ച. ആ കാഴ്ചയാണ് ക്യാൻവാസിൽ പകർത്തേണ്ടത് എന്ന് ദാലി പറഞ്ഞു. അപ്പോൾ ആദ്യം കണ്ട വസ്തുവിന്റെ മറ്റൊരു മുഖമാകും പകർത്തപ്പെടുക. ഇതിൽ കലയുടെ ജ്ഞാനമുണ്ടാകും.

പ്രമുഖ കവി ഫെർഡിനാൻസ് പെസ്സാവോ ഒരിക്കൽ എഴുതി, താൻ നിത്യേന കാണാറുണ്ടായിരുന്ന മരങ്ങളും പാറകളും അരുവിയും ഒരു ദിവസം പുതുതായി ഉണ്ടായതുപോലെ തോന്നിയെന്ന്. എന്നും കാണാറുള്ള ചുറ്റുപാടിൽ, ഒരു ദിവസം അവിടെയുള്ള വസ്തുക്കൾ പെട്ടെന്ന് പ്രത്യക്ഷപ്പെട്ടതുപോലെ തോന്നുന്നു. എന്തുകൊണ്ടാണ് ഇങ്ങനെ ചിന്തിക്കുന്നത്? ആ വസ്തുക്കൾ കവിയുടെ അകംലോകങ്ങൾ തുറക്കാനുള്ള ഉപകരണങ്ങളാവുകയാണ്. പുതിയ അർത്ഥം ഉണ്ടാവുകയാണ്. മരങ്ങളും പാറകളും അരുവിയും മൂന്നു പുതിയ വാതായനങ്ങളായി ലോകത്തെ തുറന്നു കാണിക്കുന്നു. ഇതാണ് കവിയുടെ സിദ്ധിയും ഉത്തരവാദിത്തവും. നാം കണ്ടു പരിചയിച്ച വസ്തുവിനെ പുതിയ അർത്ഥം കൊടുക്കാൻ കഴിയുമ്പോഴാണ് കലയുണ്ടാകുന്നത്.

മനസ്സ് ശൂന്യമാക്കിയാലേ അവിടെ നിന്ന് പുതിയ വസ്തുക്കളും അർത്ഥങ്ങളും പിറവിയെടുക്കുകയുള്ളൂ. മനസ്സ് നിറഞ്ഞിരുന്നാൽ മറ്റൊന്ന് അവിടേക്ക് ഇറങ്ങി വരികയില്ല. ഒരു വെള്ള പേപ്പറിൽ ഒരു ആനയെ വരയ്ക്കുമ്പോൾ, ആ പേപ്പറിലുണ്ടായിരുന്ന ആയിരക്കണക്കിന് അദൃശ്യരൂപങ്ങൾ പിൻവാങ്ങുന്നു. ചിത്രകാരൻ എന്താണോ തിരഞ്ഞെടുക്കുന്നത് അതു മാത്രം തെളിഞ്ഞു വരുന്നു.

വാളിനു ഒരു ഭാവുകത്വവുമില്ല; എന്നുപറഞ്ഞാൽ സ്നേഹമോ ദ്വേഷമോയില്ല. എന്നാൽ അത് എടുത്ത് ഉപയോഗിക്കുന്നവന്റെ മനസ്സിലാണ് വാൾ എന്താണെന്ന് നിശ്ചയിക്കപെടുന്നത്. ഇതാണ് കലയുടെ പൊരുൾ.

## 26–ാമത് ചെറുവക്കൽ കൺവൻഷൻ



ചെറുവക്കൽ : ഐ.പി.സി. വേങ്ങൂർ സെന്ററിന്റെയും ചെറുവക്കൽ ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരിയുടെയും കിളിമാനൂർ ഏരിയായുടെയും നേതൃത്വത്തിൽ നടക്കുന്ന ചെറുവക്കൽ കൺവൻഷൻ ഡിസംബർ 23 -30 വരെ ചെറുവക്കൽ ന്യൂ ലൈഫ് ഗ്രൗണ്ടിൽ നടത്തപ്പെടും. വേങ്ങൂർ സെന്റർ പ്രസിഡന്റ് റവ.ഡോ. ജോൺസൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ റെജി ശാസ്താംകോട്ട, അജി ആന്റണി, ജോൺസൺ മേമന, പ്രിൻസ് തോമസ്, വർഗ്ഗീസ് എബ്രഹാം, ബാബു ചെറിയാൻ, കെ.എ. എബ്രഹാം, വി.ജെ. തോമസ് എന്നിവർ പ്രസംഗിക്കും. ന്യൂ ലൈഫ് സിംഗേഴ്സ് സംഗീത ശുശ്രൂഷ നയിക്കും. ദിവസവും രാവിലെയും ഉച്ചയ്ക്കും ഉണർവ്വ് യോഗവും വ്യാഴാഴ്ച 2-ന് സോദരീ സമാജം വാർഷികം, വെള്ളിയാഴ്ച ഉച്ചയ്ക്ക് 2-ന് ന്യൂ ലൈഫ് ബിബ്ലിക്കൽ സെമിനാരി പൂർവ്വ വിദ്യാർത്ഥി സമ്മേളനം, ശനിയാഴ്ച 80 വൈദിക വിദ്യാർത്ഥികളുടെ ബിരുദദാന സമ്മേളനം എന്നിവ നടക്കും. ബിരുദദാന സമ്മേളനത്തിൽ റവ.ഡോ.ഐസക്ക് ചെറിയാൻ (എ.ജി. വേൾഡ് മിഷൻസ് സ്പ്രിംഗ് ഫീൽഡ്, യു,എസ്.എ) അനുഗ്രഹ പ്രഭാഷണം നടത്തും. 2 മണിക്ക് പി.വൈ.പി.എ-സണ്ടേസ്ക്കൂൾ വാർഷികം നടക്കും. 100 സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കുള്ള പഠന സഹായം, ക്യാൻസർ രോഗ സഹായ വിതരണം, തയ്യൽ മിഷൻ സഹായ വിതരണം എന്നിവ നടത്തപ്പെടും. സംയുക്ത ആരാധനയിൽ പാസ്റ്റർ ജോൺ റിച്ചാർഡ് കർത്തൃമേശക്ക് നേതൃത്വം നൽകും. സെക്രട്ടറി പാസ്റ്റർ ജിനു ജോൺ, പബ്ലിസിറ്റി കൺവീനർ പാസ്റ്റർ ജോൺസൺ എ., ബ്രദർ സാം സി.ഡാനിയേൽ, എന്നിവർ നേതൃത്വം നൽകുന്നു. ഫോൺ നമ്പർ : 8075508938, 7902674034

## ഡബ്ല്യൂ. എം. സി അമേരിക്ക റീജിയൻ റിലീസ് ചെയ്ത 'ആൻ ഓത്ത് ഫോർ സർവൈവൽ;' ഒരു പുതിയ 'ഉണർവ്'



ഡാളസ്: വേൾഡ് മലയാളീ കൗൺസിൽ അമേരിക്ക റീജിയൻ പരിസ്ഥിതി ബോധവത്കരണത്തിനായി നിർമിച്ചു അടുത്ത കാലത്തു റിലീസ് ചെയ്ത ഹൃസ്വ ചിത്രം യൂട്യൂബിൽ വൈറലാകുന്നു. അതോടൊപ്പം മലയാള മണ്ണിനും അമേരിക്കൻ മണ്ണിനു പ്രകൃതി സംരക്ഷണത്തിന് പുതിയ അറിവും ഉണർവും, യുവ തലമുറയുടെ പ്രതിജ്ഞയും ആയി മാറുന്നു. ഇംഗ്ലീഷിലും മലയാളത്തിലും ഉള്ള രണ്ടു ചെറു മൂവികൾ ആയി റിലീസ് ചെയ്തതായി എക്സിക്യൂട്ടീവ് പ്രൊഡ്യൂസർ കൂടിയായ ഡബ്ല്യൂ. എം. സി. അമേരിക്ക റീജിയൻ ചെയർമാൻ ശ്രീ.പി.സി.മാത്യു പറഞ്ഞു. ഒമാൻ പ്രൊവിൻസ് ചെയർമാൻ ശ്രീ.ടി. കെ.വിജയൻ പ്രൊഡ്യൂസറായും അമേരിക്കൻ ഭാരവാഹികൾ സഹ പ്രൊഡ്യൂസർമാരുമായി നിർമിച്ച ഷോർട് ഫിലിം രചിച്ചു സംവിധാനം ചെയ്തത് നോവലിസ്റ്റ് കൂടിയായ പ്രൊഫെസ്സർ കെ. പി. മാത്യു ആണ്. ഇംഗ്ലീഷിൽ AN OATH FOR SURVIVAL എന്ന പേരിലും മലയാളത്തിൽ ഉണർവ് എന്ന പേരിലുമാണ് പ്രകൃതി സംരക്ഷണത്തിന് വേണ്ടതായ വളരെ അധികം വിവരങ്ങൾ അടങ്ങിയ മനോഹരമായ ചിത്രങ്ങൾ യുട്യൂബിൽ കൂടി ലഭിക്കുക. കവിയൂർ, തിരുവല്ലയിൽ ശങ്കരമംഗലം പബ്ലിക് സ്കൂൾ മാനേജ്മെന്റും അദ്ധ്യാപകരും മറ്റു അഭിനേതാക്കളും ക്യാമറാമാന്മാരും അകഴിഞ്ഞു പ്രവർത്തിക്കാൻ പ്രസ്തുത ചിത്രങ്ങൾ ലോകത്തിനു കാഴ്ച വെച്ചത്. ഇംഗ്ലീഷ് പതിപ്പ് വേൾഡ് മലയാളി കൗൺസിൽ ന്യൂ ജേഴ്സിയിൽ നടത്തിയ ഗ്ലോബൽ കോൺഫെറൻസിൽ റിലീസ് ചെയ്തപ്പോൾ മലയാളം പതിപ്പ് ശങ്കരമംഗലം പബ്ലിക് സ്കൂളിൽ വച്ച് ഗ്ലോബൽ ജനറൽ സെക്രട്ടറി ശ്രീ. സി. യു. മത്തായി സ്വിച്ച് ഓൺ കർമം നിർവഹിച്ചു റിലീസ് ചെയ്തു. അമേരിക്ക റീജിയൻ ചെയർമാൻ ശ്രീ. പി. സി. മാത്യു അധ്യക്ഷത വഹിച്ച യോഗം പത്തനംതിട്ട ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോർജ് മാമൻ കൊണ്ടൂർ, തിരുവല്ല മുനിസിപ്പൽ ചെയർമാൻ ശ്രീ. ചെറിയാൻ പോളച്ചിറക്കൽ എന്നിവർ സംയുക്തമായി ഉത്ഘാടനം ചെയ്തു. സംവിധായകൻ പ്രൊഫസർ കെ. പി. മാത്യു ചിത്രങ്ങളുടെ ഉള്ളടക്കത്തെപ്പറ്റി പ്രതിപാദിച്ചു. ഗ്ലോബൽ ജനറൽ സെക്രട്ടറി സി. യു. മത്തായി, വേൾഡ് മലയാളീ കൗൺസിലിന്റെ ദീർഘവീക്ഷണത്തെ പ്രകീർത്തിക്കുകയും അനേകർക്ക് അറിവ് പകരട്ടെ എന്ന് ആശംസിക്കുകയും ചെയ്തു. കേരള കൗൺസിൽ പ്രസിഡന്റ് ശ്രീ. ജോർജ് കുളങ്ങര ചിത്രത്തിന്റെ പ്രൊഡക്ഷന് പിന്നിൽ പ്രവർത്തിച്ചവരെ മുക്തകണ്ഠം പ്രശംസിച്ചതോടൊപ്പം താൻ നേതൃത്വം കൊടുക്കുന്ന പ്രവർത്തനങ്ങളെ പറ്റി വിവരിക്കുകയും ചെയ്തു.

## ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റിന് പുതിയ നേതൃത്വം







*റവ.ഡോ.ജോർജ് സി.വർഗീസ്, പാസ്റ്റർ പി.എം.തോമസ് പാസ്റ്റർ ജോൺ ദേവസ്യ, എം.കെ.ചാക്കോ, ബിനു ടി.മാത്യു*

ജയ്പ്പൂർ: ഐ.പി.സി. രാജസ്ഥാൻ സ്റ്റേറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. റവ.ഡോ.ജോർജ് സി.വർഗീസ് പ്രസിഡന്റ്, പാസ്റ്റർ പി.എം.തോമസ് വൈസ് പ്രസിഡന്റ്, പാസ്റ്റർ ജോൺ ദേവസ്യ സെക്രട്ടറി, എം.കെ.ചാക്കോ ജോ. സെക്രട്ടറി, ബിനു ടി.മാത്യു ട്രഷറാർ, ഷാജി പാപ്പച്ചൻ ജന.കൗൺസിൽ പ്രതിനിധി എന്നിവരാണ് പുതിയ ഭാരവാഹികൾ. സ്റ്റേറ്റ് കൺവൻഷനോടനുബന്ധിച്ച് നടന്ന ജനറൽ ബോഡിയിലാണ് തിരഞ്ഞെടുപ്പ് നടന്നത്.

രാജസ്ഥാൻ സ്റ്റേറ്റ് രൂപീകൃതമായ 2007 മുതൽ പാസ്റ്റർ ജോർജ് സി.വർഗീസ് ഈ സ്റ്റേറ്റിന് നേതൃത്വം നൽകുന്നു. ഡാളസിലെ ആദ്യകാല സഭയായ ഹെബ്രോൻ പെന്തെക്കോസ്ത് ഫെലോഷിപ്പ് സഭയുടെ സ്ഥാപകനാണ്. മിഡ്വെസ്റ്റ് റീജിയൻ പ്രസിഡന്റായും, പിസിനാക്ക് കൺവീനറായും പ്രവർത്തിച്ചിട്ടുണ്ട്. വൈസ് പ്രസിഡന്റ് പാസ്റ്റർ പി.എം.തോമസ് ഇപ്പോൾ ജയ്പ്പൂർ സഭാ ശുശ്രൂഷകനാണ്. സെക്രട്ടറി പാസ്റ്റർ ജോൺ ദേവസ്യ..

സ്റ്റേറ്റ് പി.വൈ.പി.എ.പ്രസിഡന്റായി പാസ്റ്റർ ജയിംസ് ഫിലിപ്പ്, വൈസ് പ്രസിഡന്റായി പാസ്റ്റർ രതീഷ് പി.ജി, സെക്രട്ടറിയായി ഷിജു ഏബ്രഹാം, ട്രഷറാറായി അനിൽ ജോർജ് എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു. സ്റ്റേറ്റ് സൺഡേസ്കൂൾ ബോർഡ് ചെയർമാനായി പാസ്റ്റർ പി.എം.തോമസ് തിരഞ്ഞെടുക്കപ്പെട്ടു.

സ്റ്റേറ്റ് സോദരീ സമാജം പ്രസിഡന്റായി ഷീജാ സജി, വൈസ് പ്രസിഡന്റ് ഷേർളി സജി, സെക്രട്ടറിയായി ജോബിമോൾ ജയിംസ്, ട്രഷറാറായി സുജാ റെജി എന്നിവരും തിരഞ്ഞെടുക്കപ്പെട്ടു.

## ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തെക്കോസ്തൽ കോൺഫറൻസ്

ബ്രിസ്ബെയ്ൻ: ഓസ്ട്രേലിയൻ ഇന്ത്യൻ പെന്തെക്കോസ്തൽ കോൺഫറൻസിന്റെ ഒമ്പതാമത് സമ്മേളനം 2019 ഏപ്രിൽ മാസം 12-14 വരെ ബ്രിസ്ബെയ്നിൽ വച്ചു (നോർത്ത്സൈഡ് ക്രിസ്ത്യൻ കോളേജ്,151 ഫ്ലോക്ക്ടൻ സ്ട്രീറ്റ്, എവെർട്ടൻ പാർക്ക്, ക്വീൻസ് ലാൻഡ്4053) നടക്കുന്നതിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നതായി നാഷണൽ പ്രസിഡണ്ട് പാസ്റ്റർ തോമസ് ജോർജ് അറിയിച്ചു. "ദൈവഭയത്തിൽ വിശുദ്ധിയെ തികച്ചുകൊൾക"(2കൊരി. 7:1)എന്ന 'തീം' അടിസ്ഥാനമാക്കി സ്വദേശത്തും, വിദേശത്തുമുള്ള അഭിഷിക്തരായ കർതൃദാസന്മാർ ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. യൂത്ത് സെഷൻ, ഫാമിലി സെഷൻ, ലേഡീസ് സെഷൻ എന്നിങ്ങനെ വിവിധ സെഷനുകൾ നടക്കും. ഫോൺ +61 423804644


Vol. IX Issue: 51
2018 November - December

# EXPRESS HERALD

www.expressherald.com
For Private Circulation Only



# മറക്കില്ലൊരിക്കലും ഈ ധീരവനിതയെ



**മുല്ലപ്പള്ളി രാമചന്ദ്രൻ,**
*കെ. പി. സി. സി അധ്യക്ഷൻ*

**പാ**ലക്കാട് ജില്ലയിലെ പ്രശസ്തമായ ദേവീക്ഷേത്രമാണ് കൈപ്പത്തി കല്ലേക്കുളങ്ങര ക്ഷേത്രം. എമൂർ ഭഗവതി ക്ഷേത്രമെന്നും ഇത് അറിയപ്പെടുന്നു. രണ്ടു കൈപ്പത്തികൾ പ്രതിഷ്ഠയായുള്ള ഈ ക്ഷേത്രത്തിന് കോൺഗ്രസിന് വൈകാരിക ബന്ധമുണ്ട്.

സുപ്രീംകോടതി ജഡ്ജി പി. എസ്. കൈലാസും അദ്ദേഹത്തിന്റെ ഭാര്യയും തമിഴ് കവയിത്രിയുമായ സൗന്ദര കൈലാസുമാണ് കൈപ്പത്തി ക്ഷേത്രത്തെക്കുറിച്ച് ആദ്യമായി ഇന്ദിരാഗാന്ധിയോടു പറയുന്നത്. ഇവിടത്തെ പ്രതിഷ്ഠ പാർവതി ദേവിയുടെ കൈകളാണെന്നാണു സങ്കല്പം. 'രാക്ഷസന്മാരുടെ ആക്രമണം ഭയന്ന് വെള്ളത്തിൽ ചാടിയ ദേവി, രണ്ടു കൈകളും ഉയർത്തി ശിവന്റെ സഹായം തേടുകയും വെള്ളത്തിൽ ഉയർന്നു നില്ക്കുന്ന കരങ്ങൾ കണ്ട് ശിവൻ പാർവതിയെ' രക്ഷിക്കുകയും ചെയ്തുവെന്നാണു പുരാണം.

പാർവതി ദേവിയുടേതിനു സമാനമായിരുന്നു അന്ന് ഇന്ദിരാജിയുടെ അവസ്ഥ. അടിയന്തരാവസ്ഥയ്ക്കുശേഷം 1977ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് കനത്ത പരാജയം നേരിട്ടു. അധികാരത്തിലേറിയ ജനതാ പാർട്ടി സർക്കാർ ഇന്ദിരാഗാന്ധിയെ വേട്ടയാടി. കോടതികളിൽ നിന്നു കോടതികളിലേക്ക് ഇന്ദിരാഗാന്ധിക്ക് ഓടേണ്ടി വന്നു. കോൺഗ്രസിന്റെ തെരഞ്ഞെടുപ്പ് ചിഹ്നമായ പശുവും കിടാവും തങ്ങൾക്കു വേണമെന്ന് ദേവരാജ് അരശ് അവകാശം ഉന്നയിച്ചതിനെ തുടർന്ന് ചിഹ്നം മരവിപ്പിച്ചു. കോൺഗ്രസും ഇന്ദിരയും തകർന്നടിഞ്ഞ അവസ്ഥ.

കൈപ്പത്തി പ്രതിഷ്ഠ നിർഭയത്തിന്റെയും സുരക്ഷയുടെയും പ്രതീകമാണെന്നു കൈലാസ് ദമ്പതികളിൽ നിന്ന് കേട്ടറിഞ്ഞ ഇന്ദിരാഗാന്ധിക്ക് അതു തന്റെ ജീവിതവുമായി ബന്ധപ്പെട്ട പ്രതീകമായി തോന്നി. തുടർന്ന് കെ. കരുണാകരനുമായി സംസാരിച്ചു. കർണാടകത്തിലും ആന്ധ്രപ്രദേശിലും കൈപ്പത്തി ചിഹ്നത്തിൽ കോൺഗ്രസ് തെരഞ്ഞെടുപ്പുകളിൽ വിജയിച്ചു. തുടർന്ന് 1980ലെ പൊതുതെരഞ്ഞെടുപ്പിൽ കൈപ്പത്തി ഔദ്യോഗിക ചിഹ്നമാക്കപ്പെട്ടു. ആ തെരഞ്ഞെടുപ്പിൽ വൻ വിജയം കൈവരിച്ച് കോൺഗ്രസും ഇന്ദിരാഗാന്ധിയും ശക്തമായി തിരിച്ചുവന്നു.

കൈപ്പത്തി കോൺഗ്രസിന്റെ ഭാഗ്യചിഹ്നമായി. ഇതിനു നന്ദി പ്രകാശിപ്പിക്കാൻ കെ. കരുണാകരനും വി.എസ്. വിജയരാഘവൻ എംപിക്കുമൊപ്പം ഇന്ദിരാഗാന്ധി 1982 ഡിസം 13ന് ക്ഷേത്രം സന്ദർശിച്ചു. തുടർന്ന് അകത്തേത്തറയിലെ കുടിവെള്ള പദ്ധതിയും പാലക്കാട് കോട്ടമൈതാനത്തെ മഹാസമ്മേളനവും ഉദ്ഘാടനം ചെയ്തിട്ടാണു മടങ്ങിയത്. പാലക്കാട് രാജാവിന്റെ പ്രതിനിധി അന്ന് ഇന്ദിരാഗാന്ധിക്ക് കൈപ്പത്തി ആലേഖനം ചെയ്ത ഒരു സ്വർണ ലോക്കറ്റ് സമ്മാനമായി നല്കി. ഇന്ദിരാഗാന്ധി എല്ലാ അർത്ഥത്തിലും നെഹ്റുവിന്റെ അനന്തരാവകാശിയായിരുന്നു. വിശ്വാസത്തിന്റെ കാര്യത്തിലും അച്ഛന്റെ പാതയിൽ തന്നെയായിരുന്നു അവർ.

**മതേതര സന്ദേശ യാത്ര:** ഇന്ദിരാഗാന്ധിയുടെ 34-ാം രക്തസാക്ഷിത്വദിനം ആചരിക്കുന്ന ഇന്ന് കോൺഗ്രസ് ഈ ചരിത്രദിനവും അനുസ്മരിക്കുന്നു. കോൺഗ്രസിനെ ജനമനസുകളിൽ ആഴത്തിൽ പതിപ്പിക്കാൻ കൈപ്പത്തി ചിഹ്നത്തിനു സാധിച്ചു. അതിനെ വെല്ലാൻ പറ്റുന്ന മറ്റൊരു ചിഹ്നം ഇതുവരെ ഉണ്ടായിട്ടില്ല. ഇനി ഉണ്ടാകുമെന്നും തോന്നുന്നില്ല. ഇന്ദിരാഗാന്ധിയുടെ ദീർഘവീക്ഷണവും പ്രായോഗികരാഷ്ട്രീയ തന്ത്രജ്ഞതയും ഉയർത്തിക്കാട്ടാൻ ഈ ഒരൊറ്റ സംഭവം മതി. കോൺഗ്രസിന് വൈകാരിക ബന്ധമുള്ള സ്ഥലമായി ഏടായി കൈപ്പത്തി ക്ഷേത്രം മാറുകയും ചെയ്തു. ഈ സംഭവം സമുചിതം ആചരിക്കാനും ഉജ്വലമായ ഓർമകൾ പുതുക്കാനും കോൺഗ്രസ് പ്രതിജ്ഞാബദ്ധമാണ്. ഇന്ദിരാഗാന്ധി ഉയർത്തിയ മതനിരപേക്ഷതയും ബഹുസ്വരതയും ജനമനസിൽ ആഴത്തിലെത്തിക്കുവാൻ കോൺഗ്രസ് ക്ഷേത്രപരിസരത്തുനിന്ന് കോട്ടമൈതാനത്തേക്കു ഇന്ന് 8 കി.മീ നീണ്ട മതേതര സന്ദേശ യാത്ര നടത്തുന്നു. കോൺഗ്രസ് മതേതര സന്ദേശ യാത്രയ്ക്ക് നേതൃത്വം നല്കാൻ കഴിയുന്നതിൽ ഞാൻ അഭിമാനിക്കുന്നു. പാലക്കാട് ഡിസിസി പ്രസിഡന്റ് വി.കെ ശ്രീകണ്ഠനാണ് സംഘാടകൻ.

സർദാർ വല്ലഭായ് പട്ടേലിന്റെ ജന്മദിനം കൂടിയാണിന്ന്. ആ ഉരുക്കുമനുഷ്യന്റെ ജന്മദിനവും കോൺഗ്രസ് ആഘോഷിക്കുന്നു. ബി.ജെ.പി.യും ആർ.എസ്.എസും പട്ടേലിനെ മാത്രം കൊണ്ടാടുമ്പോൾ, അതിൽ സന്തോഷമേയുള്ളു. പക്ഷേ, അദ്ദേഹത്തെ ആർ.എസ്.എസിലേക്കു ദത്തെടക്കരുതേ എന്ന് അപേക്ഷിക്കുന്നു. ആർ.എസ്.എസിനെ രണ്ടു തവണ നിരോധിച്ച ചരിത്രമുണ്ട്. ഗാന്ധിജിയെ അവർ കൊന്നതിനെ തുടർന്ന് 1948 ൽ ആർ.എസ്.എസിനെ നിരോധിച്ചത് അന്നത്തെ ആഭ്യന്തര മന്ത്രിയായിരുന്ന വല്ലഭായി പട്ടേലാണ്. 1976ൽ ഇന്ദിരാഗാന്ധിയും ആർ.എസ്.എസിനെ നിരോധിച്ചിരുന്നു.

**വീരഗാഥകളേറെ:** ഇന്ദിരാഗാന്ധിയുടെ 66 വർഷത്തെ ജീവിതം ഒരു സിനിമ പോലെ സംഭവബഹുലമാണ്. ദുരന്തങ്ങളും പ്രതിസന്ധികളും അവരെ വിടാതെ പിന്തുടർന്നു. കുപ്രസിദ്ധമായ തിഹാർ ജയിലിൽ വരെ അടയ്ക്കപ്പെട്ടു. എന്നാൽ, എല്ലാ അഗ്നിപരീക്ഷകളെയും പ്രതിസന്ധികളെയും അതിജീവിക്കാൻ അവർക്ക് കുട്ടിക്കാലം മുതൽ അസമാന്യ ധൈര്യവും തന്റേടവും ഉണ്ടായിരുന്നു. പണ്ഡിറ്റ് ജവഹർലാൽ നെഹ്റു കഴിഞ്ഞാൽ ഏറ്റവും കൂടുതൽ കാലം ഇന്ത്യ ഭരിച്ച പ്രധാനമന്ത്രി അവരാണ്. ഇന്ത്യയെ ഇത്രയധികം സ്വാധീനിച്ച മറ്റൊരു വ്യക്തി ഉണ്ടായിട്ടില്ല. ഇന്ദിരാഗാന്ധിയുടെ മന്ത്രിസഭയിൽ ഒരൊറ്റ ആൺതരിയേ ഉള്ളുവെന്ന കമന്റുകൾപോലും ഉയർന്നു. ഒരു ധീര വനിതയുടെ വീരഗാഥയാണ് ഇന്ദിരാ പ്രിയദർശിനി.

**രാഷ്ട്രീയം:** രാഷ്ട്രീയത്തിൽ കൊടുമുടി കയറുകയും അഗാധ ഗർത്തത്തിലേക്കു ചവുട്ടി താഴ്ത്തപ്പെടുകയും ചെയ്ത ചരിത്രമാണ് ഈ ഉരുക്കുവനിതയ്ക്കുള്ളത്. 1966ൽ ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായ ശേഷം അധികം വൈകാതെ രാഷ്ട്രീമായ പൊട്ടിത്തെറികൾ ഉണ്ടായി. 69ൽ പാർട്ടി പിളരുകയും ഇന്ദിരയെ ഔദ്യോഗികപക്ഷം പുറത്താക്കുകയും ചെയ്തു. എന്നാൽ 1971ലെ തെരഞ്ഞടുപ്പിൽ അവർ മൂന്നിൽ രണ്ടു ഭൂരിപക്ഷത്തോടെ അധികാരത്തിലെത്തി. ഏതാനും ആഴ്ചകൾക്കുള്ളിൽ തന്നെ ബംഗ്ലാദേശ് വിമോചനയുദ്ധത്തിന് ഇന്ദിര പച്ചക്കൊടി കാട്ടി. പാക്കിസ്ഥാനെതിരേയുള്ള വിജയത്തോടെ അന്നത്തെ പ്രതിപക്ഷ നേതാവ് അടൽ ബിഹാരി വാജ്പേയ്, ഇന്ദിരയെ ദുർഗമാതായെന്നു വരെ വിളിച്ചു. അധികം വൈകാതെ പ്രശ്നങ്ങൾ വീണ്ടും ഉരുണ്ടുകൂടി. ജയപ്രകാശ് നാരായണന്റെ നേതൃത്വത്തിൽ കലാപം തന്നെ ഉടലെടുത്തു. തെരഞ്ഞെടുക്കപ്പെട്ട സർക്കാരിന്റെ ഉത്തരവുകൾ അനുസരിക്കരുതെന്ന് അദ്ദേഹം പോലീസിനോടും സൈന്യത്തോടും ആവശ്യപ്പെട്ടു. ഇതിനിടെ അലാഹാബാദ് കോടതി ഇന്ദിരാജിയുടെ തെരഞ്ഞെടുപ്പ് വിജയം അസാധുവാക്കുകയും അവരെ അയോഗ്യയാക്കുകയും ചെയ്തു.

ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും നിലനില്പിനു തന്നെ ഗുരുതരമായ ഭീഷണി ഉയർന്ന സാഹചര്യത്തിൽ വിദഗ്ധോപദേശം തേടിയ ശേഷമാണ് ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത്. പിന്നീട് സുപ്രീം കോടതി അടിയന്തരാവസ്ഥ പ്രഖ്യാപിച്ചത് ഭരണഘടനാപരമാണെന്നു അഭിപ്രായപ്പെടുകയും തെരഞ്ഞെടുപ്പു വിജയം സാധുവാക്കുകയും ചെയ്തു. അടിയന്തരാവസ്ഥ പ്രഖ്യാപിച്ച് ആറു മാസങ്ങൾക്കുള്ളിൽ ജയപ്രകാശ് നാരായണനും മറ്റു നേതാക്കളും ജയിൽ മോചിതരായി. ഇന്ദിരാഗാന്ധിതന്നെ സ്വമേധയാ അടിയന്തരാവസ്ഥ പിൻവലിക്കുകയും ചെയ്തു.

എന്നാൽ 77ലെ തെരഞ്ഞെടുപ്പിൽ കോൺഗ്രസ് പരാജയപ്പെട്ടു. ഇന്ദിരാഗാന്ധിയെ അവർ തിഹാർ ജയിലിലടച്ചു. ഇന്ദിര തളർന്നില്ല. അവർ ജനങ്ങളോടൊപ്പം നിന്നു പോരാടി. 79ലെ തെരഞ്ഞെടുപ്പിൽ വമ്പിച്ച വിജയം കൈവരിക്കുകയും ചെയ്തു. ഇത്തവണയും പ്രധാനമന്ത്രി പദം ദുഷ്കരമായിരുന്നു. അസാമിൽ നീണ്ട രക്തച്ചൊരിച്ചിലിന് ഇടയാക്കിയ വിദ്യാർത്ഥി പ്രക്ഷോഭം കൂടിയാലോചനയിലൂടെ പരിഹരിച്ചു. അതേസമയം, പഞ്ചാബിൽ സ്ഥിതിഗതികൾ വഷളായി. ഭിന്ദ്രൻവാലയും സംഘവും സുവർണ ക്ഷേത്രത്തെ അവരുടെ കോട്ടയാക്കി. അവസാനം ബ്ലൂസ്റ്റാർ ഓപ്പറേഷനിലൂടെയാണ് ഭീകരരെ അമർച്ച ചെയ്തത്. ഇതിന് ഇന്ദിരാഗാന്ധിക്ക് ജീവൻ തന്നെ ബലി നല്കേണ്ടി വന്നു.

**സാമ്പത്തികം:** ഇന്ത്യയെ ഒരു സാമ്പത്തിക ശക്തിയാക്കുന്നതിന് ഉതകുന്ന ഇന്ദിരാഗാന്ധിയുടെ നടപടികൾ ചരിത്രത്തിൽ തിളങ്ങിനില്ക്കുന്നു. ഹരിതവിപ്ലവമാണ് അതിൽ പ്രധാനം. ഭക്ഷ്യസുരക്ഷാ നിയമം ബാധകമാക്കുന്ന ലോകത്തിലെ ഏകരാജ്യമെന്ന ഖ്യാതിയിലേക്ക് ഇന്ത്യ വളർന്നത് ഇതിന്റെ അടിസ്ഥാനത്തിലാണ്. ബാങ്ക് ദേശസാത്കരണ നടപടികൾ ഇന്ദിരയെ വിപ്ലവനായികയുടെ പരിവേഷത്തി

ശേഷം പേജ് 10

**പട്ടിണി തുടച്ചു നീക്കൂ:** 1971-ൽ കോൺഗ്രസിനെതിരേ ഉണ്ടാക്കിയ വിശാല സഖ്യത്തിന്റെ മുദ്രാവാക്യം 'ഇന്ദിരയെ മാറ്റൂ, രാജ്യത്തെ രക്ഷിക്കൂ' എന്നതായിരുന്നു. ഇന്ദിരാജി അവരെ വെല്ലുവിളിച്ചത് മറ്റൊരു മുദ്രാവാക്യം ഉയർത്തിയാണ്. "അവർ പറയുന്നു ഇന്ദിരയെ മാറ്റു എന്ന്. എന്നാൽ നമ്മൾ പറയുന്നു പട്ടിണി തുടച്ചു നീക്കു എന്ന്." ഗരീബി ഹഠാവോ എന്ന മുദ്രാവാക്യം വൈദ്യുതി തരംഗം പോലെ ജനങ്ങളുടെ ഇടയിലേക്കു പ്രവഹിച്ചു. ഈ രണ്ടു വരികളിൽ ഇന്ദിരാജി തന്റെ രാഷ്ട്രീയ, സാമ്പത്തിക തത്വശാസ്ത്രം വ്യക്തമാക്കുകയാണു ചെയ്തത്. വിശാലസഖ്യത്തെ ഈ തെരഞ്ഞെടുപ്പിൽ നിലംപരിശാക്കുകയും ചെയ്തു.

ഓർമയില്ലേ, ഇന്ദിരാഗാന്ധിയുടെ ചരിത്ര പ്രസിദ്ധമായ ബെൽച്ചി സന്ദർശനം? 1977ലെ പൊതുതെരഞ്ഞെടുപ്പിൽ കോൺഗ്രസിനു കനത്ത തോൽവിയേറ്റ നാളുകൾ. ആറുമാസം കഴിഞ്ഞപ്പോഴാണ് ബിഹാറിലെ ബെൽച്ചി ഗ്രാമത്തിൽ 11 ദളിതരെ ചുട്ടുകൊന്നത്. അവരുടെ കൈകൾ കെട്ടി വെടിവച്ചശേഷം തീയിലെറിയുകയായിരുന്നു. ഇന്ദിരാജി ഉടനേ ബിഹാറിലേക്കു പുറപ്പെട്ടു. ബെൽച്ചിയിലേക്കുള്ള റോഡ് വെള്ളപ്പൊക്കത്തിൽ തകർന്നിരുന്നു. അവർ ആദ്യം കാറിലും തുടർന്ന് ജീപ്പിലും പിന്നീട് ട്രാക്ടറിലും യാത്ര തുടർന്നു. ട്രാക്ടർ മണ്ണിൽ പുതഞ്ഞതിനെ തുടർന്ന് ഇറങ്ങി നടക്കാൻ തുടങ്ങി. ഗ്രാമം ഇനിയും 15 കി. മീ അകലെയാണ്. കരകവിഞ്ഞൊഴുകുന്ന നദി. നടന്നുപോലും പോകാനാവാത്ത അവസ്ഥ. എല്ലാ വഴികളും അടഞ്ഞുകിടക്കുന്നു. എല്ലാവരും തിരിച്ചുപോകാൻ ഇന്ദിരയോട് അപേക്ഷിച്ചു. അവർ ചുറ്റുംനോക്കി. ഒരു ആനയെ സംഘടിപ്പിക്കാമോ എന്നായിരുന്നു ചോദ്യം.

തുടർന്ന് ആനയെ സംഘടിപ്പിച്ച് അവർ യാത്ര തുടർന്നു. മൂന്നരമണിക്കൂർ ആനപ്പുറത്തിരുന്ന് അവർ ബെൽച്ചിയിലെത്തി. ഇതാദ്യമായാണ് ഈ സംഭവത്തിനുശേഷം പുറമേനിന്ന് അവിടെ ആരെങ്കിലും എത്തുന്നത്. ദളിതരുടെ ദുഃഖത്തിൽ പങ്കുചേർന്ന് അവരുടെ കണ്ണീരൊപ്പിയാണ് ഇന്ദിരാഗാന്ധി മടങ്ങിയത്. രാജ്യമെമ്പാടുമുള്ള ദളിത് പിന്നാക്ക വിഭാഗങ്ങൾക്ക് വലിയ ആശ്വാസവും ആത്മവിശ്വാസവും ലഭിച്ച നടപടിയായിരുന്നു ഇത്.

## ഐ.പി.സി ഫാമിലി കോൺഫ്രൻസ്
## രജിസ്ട്രേഷൻ കിക്കോഫ് ഉദ്ഘാടനം നിർവ്വഹിച്ചു



ഒർലാന്റോ : 2019 ജൂലൈ 25-28 വരെ ഫ്ലോറിഡയിലെ ഒർലാന്റോ പട്ടണത്തിൽ നടത്തപ്പെടുന്ന പതിനോഴാമത് നോർത്ത് അമേരിക്കൻ ഐ.പി.സി കുടുംബ സംഗമത്തിന്റെ രജിസ്ട്രേഷൻ കിക്കോഫ് നവംബർ 11 ന് ഐ.പി.സി ഒർലാന്റോ സഭയിൽ നടന്നു. ലോക്കൽ കൺവീനർ പാസ്റ്റർ ജോർജ് തോമസ് അദ്ധ്യക്ഷത വഹിച്ചു. ദേശീയ ഭാരവാഹികളായ പാസ്റ്റർ ആൻറണി റോക്കി (ചെയർമാൻ), സി.എം. ഏബ്രഹാം (സെക്രട്ടറി), ജോൺസൺ ഏബ്രഹാം (ട്രഷറാർ), ഫിൻലി വർഗീസ് (യൂത്ത് കോർഡിനേറ്റർ), ലോക്കൽ ലേഡീസ് കോർഡിനേറ്റർ സിസ്റ്റർ അഞ്ചു തോമസ്, പ്രയർ കോർഡിനേറ്റർ പാസ്റ്റർ മാത്യൂ ജോസഫ് എന്നിവർ കോൺഫ്രൻസിന്റെ ഇതുവരെയുള്ള പ്രവർത്തന പദ്ധതികൾ വിശദികരിച്ചു. കോൺഫ്രൻസിന്റെ വെബ് സൈറ്റ് ഉത്ഘാടനവും കിക്കോഫ് രജിസ്ട്രേഷനും ഒർലാന്റോ ഐ.പി.സി സഭയുടെ സീനിയർ ശുശ്രൂഷകൻ പാസ്റ്റർ ജേക്കബ് മാത്യു നിർവ്വഹിച്ചു. 'ഐ.പി.സി വോയിസ്' എന്ന പേരിൽ പുറത്തിറക്കിയ കോൺഫ്രൻസ് സപ്ലിമെന്റ് റീജിയൻ പ്രസിഡന്റ് റവ. ഡോ.ജോയി ഏബ്രഹാം പ്രകാശനം ചെയ്തു. 'ഇത് മടങ്ങിവരവിന്റെയും പുതുക്കത്തിന്റെയും കാലം' എന്നുള്ള ഐ.പി.സി ഫാമിലി കോൺഫ്രൻസിന്റെ ചിന്താവിഷയം അഡൈ്വസറി ബോർഡ് അംഗം പാസ്റ്റർ റോയി വാകത്താനം അവതരിപ്പിച്ചു. ലോക്കൽ കൺവീനർ റെജി വർഗീസ് സ്വാഗതവും ലോക്കൽ സെക്രട്ടറി അലക്സാണ്ടർ ജോർജ് നന്ദിയും പറഞ്ഞു. അഡൈ്വസറി ബോർഡ് അംഗങ്ങളായ രാജു പൊന്നോലിൽ, സാമുവേൽ വി. ചാക്കോ, സംസ്ഥാന പ്രതിനിധി ബെന്നി ജോർജ്, മീഡിയ കോർഡിനേറ്റർ നിബു വെള്ളവന്താനം, പ്രാദേശിക കമ്മറ്റി ഭാരവാഹികൾ തുടങ്ങിയവർ നേതൃത്വം നൽകി. അടുത്ത പ്രമോഷണൽ യോഗം ഡിസംബർ 16 ന് ന്യൂയോർക്ക് ഇന്ത്യാ ക്രിസ്ത്യൻ അസംബ്ലി സഭാഹാളിൽ നടത്തപ്പെടും.എല്ലാ വ്യാഴാഴ്ചകളിലും വൈകിട്ട് പ്രത്യേക പ്രാർത്ഥനയ്ക്കായി വേർതിരിച്ചിട്ടുണ്ട്. 16054725249 എന്ന ഫോൺ നമ്പറിലൂടെ 790379 എന്ന ആക്സസ് കോഡ് നൽകി പ്രാർത്ഥനാ ലൈനിൽ പ്രവേശിക്കാം

www.ipcfamilyconference.org

Printed and Published by Raju Tharakan. Layout: Global, Tiruvalla Ph: 09447802967. Printed at Cochin Printech, Ernakulam. For Private Circulation only